Registered No. M-4485 Madras War Review, Malayalam—19-5-1944

# യുദ്ധസഞ്ചിക

വാള്യം III] മദിരാശി: 1944 മേയി 19-ാംനു്, വെള്ളിയാഴ്ച [ലക്കം 37



## മദിരാശി ഗവർണ്ണരുടെ സന്ദേശം

★

**ദേശീയ** സമര മുന്നണി അതിന്റെ മൂന്നാമത്തെ വയസ്സിലേക്കു പ്രവേശിക്കുകയാണു്. ജാപ്പാൻകാർ മിക്കവാറും നമ്മുടെ അതിർത്തികളിൽ എത്തിയിരുന്ന അന്ധകാരകാലമായ 1942-ൽ ഉത്ഭവിച്ചതിനാൽ, അതിനു ഭാരമേറിയ ജോലിയുണ്ടായിരുന്നു. എന്നാൽ, ശക്തികൊണ്ടും, അക്ഷീണപരിശ്രമംകൊണ്ടും, സഖ്യശക്തികളുടെ അവസാന വിജയത്തിലുള്ള വിശ്വാസംകൊണ്ടും, ഇതു് ജയിച്ചുവന്നു; ഇതിന്റെ പരിശ്രമം കൊണ്ടും, അതിൽനിന്നു ഒട്ടും കുറയാതെയുള്ള സഖ്യസൈന്യങ്ങളുടെ വിജയങ്ങാംകൊണ്ടുമാണു്, നമ്മുടെ സംസ്ഥാനത്തിൽനിന്നു പരാജയമനോഭാവം മിക്കവാറും ഒഴിവാക്കപ്പെട്ടിട്ടുള്ളതു്.

**വിജയം** ദൃഷ്ടിഗോചരമായിരിക്കുന്ന ഈ ഘട്ടത്തിൽ, ഒടുവിലത്തെ ശത്രുവിനെക്കൂടി ഓടിക്കുകയും, ശാശ്വതമായ സമാധാനം സ്വായത്തമാക്കുകയും ചെയ്യുന്നതുവരെ, പ്രസ്തുത സമരനിര, തന്റെ പരിശ്രമത്തെ വേണ്ടപോലെ വികസിപ്പിച്ചുകൊള്ളുമെന്നു് എനിക്കു ബോധ്യമുണ്ടു്.

—ആർതർ ഹോപ്പ്, മദിരാശി ഗവർണ്ണർ, ഗവർമ്മെന്റ് ഹൌസ്, ഊട്ടകമണ്ടു്,

1944 മേയി 10-ാം തിയ്യതി

## ഉള്ളടക്കം


| | ഭാഗം |
|---|---|
| മദിരാശി ഗവൎണ്ണരുടെ സന്ദേശം .. .. | 1 |
| ഭാരതസൈനികർ .. .. .. | 2 |
| ദേശീയ സമരമുന്നണിയുടെ മൂന്നാമത്തെ വാൎഷികം.. | 3, 4 |
| സർ സുൽത്താന്റെ പ്രക്ഷേപിണി പ്രസംഗം .. | 5, 6 |
| മൂന്നാം മദിരാശിപ്പട്ടാളത്തിന്റെ വീരപരാക്രമങ്ങൾ | 7 |
| മീർഘദശിക്കു ബഹുമതിയില്ലാതില്ല .. .. | 8 |
| വെറുംകയ്യോടെ ജാപ്പാൻകാരെ യുദ്ധത്തിൽ തോല്പിച്ചോടിച്ചു. | 9 |
| യുദ്ധഗതി .. .. .. .. | 10-12 |


Vജയം ദേഹിമൽ ഭൂV-
നാVധം ബ്രിട്ടനും Vഭോ!
കനിVല്ലാത്തുVൺനാഥാ!
തരണേ VVധം സുഖം

## ഭാരതസൈനികർ

അലകടൽ, ഭൂമി, യാകാശമെങ്ങുമേ-
അടരടിച്ചു ജയിച്ചു നിരന്തരം,
അണിനിരന്നു, പരന്നു, വരുന്നിതാ
അരുമഭാരത പുത്രരാം സൈനികർ:
അമിതവിക്രമാൽ വിശ്വം ജയിക്കുമീ-
യജിതയോധ സഹോദര രക്ഷയിൽ
അനുഭവിപ്പൂ സുഖങ്ങളഖിലവും
അനുദിനം നാ, മതീവസന്തുഷ്ടരായ്.
അരികാം മാനസമെന്നും ഭയാഗ്നിയി-
ലെരിയുമാറു വളൻ സ്വശക്തിയാൽ
അരുണ ഭാസ്കരതുല്യം ലസിപ്പൊരെ-
ന്നരുമ ഭാരതധാത്രീ! ജയിക്കുക:
മതവിഭിന്നത, മാത്സര്യ, മന്ധമാം-
കലമദിരത, സൎവ്വം മറന്നുതാൻ
ചിതമൊടേകമനസ്ഥിതിയാൎന്നിതാ
മുദിതചിത്തരായ് വൎത്തിപ്പൂസോദരർ:
പനമദുഷ്ടരാം, 'ഹിററ്ലർ', 'മുസോലിനി'-
നരകസേനക്കധിപതി 'ടോജോ'വും
ദുരമുഴുത്തു നടത്തുന്ന പോരിതിൽ
ഭരതഭൂസുതർ പൊക്കും ജയക്കൊടി!

അകമിളകിക്കുളിൎത്തുവക്കിന്നു ഞാ-
നരുളിടട്ടെ: കൃതജ്ഞതാ വാചകം.

പരമപാവന കൎത്തവ്യനിഷ്ഠരായ്-
പരിചിൽയുദ്ധം നടത്തുംസഖാക്കളേ!
വിദിതവിക്രമരിന്ത്യായുവാക്കളേ!
വിജയലക്ഷ്മിവരിക്കട്ടെ നിങ്ങളേ!

- ശുഭം -

(ശ്രീ ജി. പി. ശങ്കരമംഗലം)

# യുദ്ധസഞ്ചിക

## ആഴ്ചപ്പതിപ്പ്

മദിരാശി: 1944 മേയി 19-ാംനു, വെള്ളിയാഴ്ച


## ദേശീയ സമരമുന്നണിയുടെ മൂന്നാമത്തെ വാർഷികം

മദിരാശിയിലെ ഒരു വൃത്താന്തപത്രം, കുറച്ചു മുൻപു, ദേശീയ സമര മുന്നണിയെക്കുറിച്ചു ഏറെക്കുറെ ആഭാസമായ ഒരു മുഖപ്രസംഗം എഴുതിക്കണ്ടു. സമരനിരയെക്കുറിച്ചു സൌമ്യമായി ഒന്നും ആ പത്രം പറഞ്ഞില്ലെന്നുള്ളതു സാരമില്ല. അതിനെപ്പററി അതിദീർഘമായി ചർച്ചചെയ്തു്, ആ ലേഖനത്തിന്നു് പ്രാമുഖ്യം നൽകിയിരുന്നു. അതിൻെറ ഫലമായി, യുദ്ധകാല പരിതഃസ്ഥിതിയിൽ ആവിർഭവിച്ചിരിക്കുന്ന പല പ്രസ്ഥാനങ്ങൾക്കും നേടാൻ സാധിക്കുകയോ, അവ അർഹിക്കുകയൊ ചെയ്യുന്നതിൽ കൂടുതൽ പരസ്യവും പ്രാധാന്യവും, മൂന്നാമത്തെ വയസ്സിലേക്കു കാൽ വെക്കുന്ന ഈ സമരനിരക്കുണ്ടെന്നു കരുതാം. കുറച്ചു മുൻപു, ദേശീയ സമരമുന്നണിയുടെ, സംസ്ഥാനത്തിലും നാട്ടുരാജ്യങ്ങളിലുമുള്ള പ്രതിനിധികൾ ഒരു സമ്മേളനം കൂടി. പ്രതിനിധികളായി മുന്നാണ്ടത്തേക്കാൾ കൂടുതൽ പേർ വന്നുചേർന്നു; ആരുംതന്നെ സന്നിഹിതരാകാതിരുന്നതുമില്ല; സാങ്കേതിക സംഗതികളെപ്പററി കൂടാതെ, ഇന്നത്തെ ഭരണപരവും ധനപരവുമായ പല സംഗതികളെപ്പററിയും കാര്യപരിപാടിയിൽ ചർച്ച ചെയ്തിരുന്നു. അതിന്നു പുറമെ, ഇവയെല്ലാം ഓരോ ദേശത്തേയും പ്രതിനിധികൾ അവതരിപ്പിച്ച പ്രമേയങ്ങളുമായി ഓരോരോ സംഘട്ടനങ്ങളുണ്ടായിരുന്നിട്ടുകൂടി, എത്രയൊ പ്രശസ്തിയും, പഴക്കവുമുള്ള പാർലിമെൻറുകൾക്കുപോലും അഭിമാനിക്കത്തക്കതായ ഒരു സഹകരണവും, ഉദ്ദേശപ്പൊരുത്തവും നിറഞ്ഞ ഒരു അന്തരീക്ഷമാണു് അവിടെ ഉണ്ടായിരുന്നതെന്നും പറയാം. പ്രസ്സ് ഫോട്ടോഗ്രാഫർമാർക്കോ, സാമുദായിക ലേഖകന്മാർക്കോ യാതൊരു താല്പര്യവുമില്ലാത്തവരായി, മിക്കവാറും അനുദ്യോഗസ്ഥരായ ഒന്നു രണ്ടു ഡസൻ ആളുകൾ ഇന്ത്യയുടെ നാനാഭാഗത്തുനിന്നും ഒത്തുകൂടി, ദേശീയവും, അതിദേശീയവുമായ കാര്യങ്ങളെക്കുറിച്ചു അഭിപ്രായം പ്രകടിപ്പിക്കുകയും, ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നതു് എന്തധികാരത്തോടുകൂടിയാണെന്നും, എന്തു പരമോദ്ദേശത്തോടുകൂടിയാണെന്നും, നാസ്തികന്മാർ ചോദിച്ചേക്കാം. ദേശീയ സമരമുന്നണിയുടെ ഉദ്ദേശം അർദ്ധൌദ്യോഗിക പ്രസിദ്ധിയും നികുതിദായകന്മാരുടെ പണത്തിനു ഒരു ചെലവും ഉണ്ടാക്കുന്നതിൽ കവിഞ്ഞെന്താണു്?

ദേശീയ സമരമുന്നണി, റെയിൽവെ ബോഡിന്നും, ഭക്ഷണകാര്യ സഭകൾക്കും, പട്ടാളത്തിലേക്കു ആളെടുക്കുന്ന ഉദ്യോഗസ്ഥ സംഘടനകൾക്കും, മററും പലവിധ സഹായങ്ങൾ ചെയ്തുവരുന്നതായ ഒരു പ്രസ്ഥാനമാണെന്നും, നേരേമറിച്ചു കേവലം ഒരു വ്യാജപ്രചരണയന്ത്രമല്ലെന്നും ഞങ്ങൾ വിനീതമായി മറുപടി പറഞ്ഞുകൊള്ളുന്നു. നമ്മുടെ ദേശത്തിൻെറ ക്ഷേമം ഒരു അപായസന്ധിയിലെത്തിയിരിക്കുന്നുവെന്നു മനസ്സിലാക്കിയ, ധർമ്മയുദ്ധമനോഭാവമുള്ള ഒരു സംഘം ആളുകളാൽ, പൊതുജനോപകാരാർത്ഥം, സ്വയം രൂപീകൃതമായ ഒരു പ്രസ്ഥാനമാണു് ഈ ദേശീയ സമരനിര. അജ്ഞാനത്താലും വിവേകശൂന്യതയാലും ഭയാശങ്കകളോടു കൂടിയിരുന്ന കോടാനുകോടി ജനങ്ങളുടെ മനസ്സിൽനിന്നു, ആ ഭയാശങ്കകളെ അകററി, തത്സ്ഥാനത്തു, വിജയലബ്ധിക്കുപകരിക്കുന്നതായ ധൈര്യം, സ്വദേശാഭിമാനം ഇവയുറപ്പിക്കുവാൻ അവർ സന്നദ്ധരായി പുറപ്പെട്ടു. അതിലേക്കു വ്യക്തിപരമായ ഉദാഹരണവും, വ്യാപകമായ പ്രചരണവുമായിരുന്നു അവരുടെ ഉപകരണങ്ങൾ. പ്രചരണത്തിന്നു വിപുലമായ സജ്ജീകരണങ്ങൾ വേണ്ടിയിരുന്നതിനാൽ, ഉടനുടൻ ഫലം പ്രതീക്ഷിക്കുന്നവർക്കും, ചിന്താവിമുഖർക്കും ഇതിനോടു ഏതാണ്ടൊരു അകൽച്ച കണ്ടു വന്നു.

ഇതിൻെറ ഫലമായി, ദേശീയ സമരമുന്നണിയുടെ ആവശ്യമേയില്ല, എന്നു പറഞ്ഞിരുന്നവരും ഉണ്ടായിരുന്നു. എന്തെങ്കിലും പ്രയോജനമുണ്ടാക്കേണ്ടതിൽ എത്രയോ താമസിച്ചാണു് ഇതുണ്ടായിരിക്കുന്നതെന്നു പറഞ്ഞിരുന്നവരുമുണ്ടായിരുന്നു. ഭയത്തിനാൽ ഇതിനെ വെറുത്തിരുന്നവരും, അവിശ്വസിച്ചിരുന്നവരും ഉണ്ടായിരുന്നു. എന്നാൽ രണ്ടു കൊല്ലത്തെ ക്ലേശ

പൂർണ്ണമായ സ്ഥിതിക്കു ശേഷം, ഈ വിമുഖശക്തികളിൽ മിക്കവയേയും ദേശീയ സമരനിര അതിജീവിച്ചതായി കാണുന്നു; ശത്രുക്കളിൽനിന്നു നേരിടേണ്ടുന്നതുമെന്നുള്ള പരാജയഭയത്തെ ഇതു പാടേ വിപാടനം ചെയ്യാൻ സഹായിച്ചു; കൂടാതെ വിലവീഴ്ചകൊണ്ടു 1942-ൽ രാജ്യമൊട്ടാകെ വന്നുകൂടിയ ബാധയേയും അകററി നിർത്തി. തനതായ ഗുണത്താൽ തന്നെ ഇതു ഉൽക്കർഷം പ്രാപിച്ചുവന്നു. ഇതു് ഭരണകൂടത്തിൻെറയും ഭരണീയരുടെയും ഇടയിൽ നിന്നു, യുദ്ധകാരണങ്ങളാൽ ബഹുമുഖവും, ആശ്ചര്യകരവുമായുണ്ടാവുന്ന നഷ്ടങ്ങളെ ശരിയാംവണ്ണം വിശദമാക്കി, അവയെ അന്യോന്യം മനസ്സിലാക്കികൊടുക്കുന്ന ഒരു ഘടകമായിത്തീർന്നിട്ടുണ്ടു്. അതിന്നു നയക്കുറവുണ്ടെന്നുവരികിൽ, നയം വേണ്ടതായ സംഗതികളുടെ ഒരു ചിത്രം കാണിച്ചുകൊടുക്കുകയെങ്കിലും അതു ചെയ്യുന്നുണ്ടു്. ഉദാഹരണം, കൃഷീവലന്മാരുടെ സങ്കടങ്ങൾ, അങ്ങിങ്ങായുള്ള കിംവദന്തികൾ, പട്ടാളത്തിൽ ചേർന്നിട്ടുള്ളവരുടെ തിരിച്ചടി, സ്വദേശസ്നേഹികളുടെ ഉൽക്കണ്ഠയും, പ്രതീക്ഷകളും, ഇവയാണു്. രണ്ടു കൊല്ലംമുൻപു ദുരുപശ്രുതവും, അപരിക്ഷിതവുമായിരുന്ന ഈ സമരമുന്നണി ഇന്നു ഇന്ത്യയുടെ യുദ്ധകാര്യങ്ങളിൽ ഗണ്യമായ ഒരു ഘടകമായിത്തീർന്നിട്ടുണ്ടു്.

യുദ്ധഗതി പാടേ മാറുകയും, സഖ്യശക്തികൾക്കു് വിജയം നിശ്ചയമാണെന്നുറക്കുകയും, രാജ്യമൊട്ടാകെ ആത്മബോധവും ശുഭാപ്തി വിശ്വാസവും ദൃഢമാകുകയും, ഇന്ത്യക്കു യുദ്ധകാര്യാർത്ഥമായുള്ള താല്പര്യം, പഠിപ്പുള്ളവരിൽമാത്രമല്ലാതെ പാമരന്മാരിൽപോലും ഉളവാക്കുകയും ചെയ്തുകഴിഞ്ഞിരിക്കെ, ഇനിമേലെന്താണു് ദേശീയ സമര മുന്നണിയുടെ ആവശ്യം എന്നു, എത്ര തന്നെ ഉദ്ബോധിപ്പിച്ചാലും, നിരൂപകന്മാർ ചോദിച്ചേക്കാം. ഈ സൂചന കേവലം നിസ്സാരമെന്നു് കരുതാൻ നിവൃത്തിയില്ല. പിന്നെയോ, ജാപ്പാൻകാർക്കു അനുകൂലമായ ഒരു പ്രചരണ സമ്മാനമായിട്ടിതിനെ കരുതണം. യൂറോപ്പിലെ യുദ്ധം ഒരുപക്ഷെ അവസാനിക്കാറായിരിക്കാം, എന്നാൽ, ഇന്ത്യയുടെ യുദ്ധം ഇവിടെ ആരംഭിച്ചിട്ടേയുള്ളൂ.

അതിസംതൃപ്തി, പരാജയങ്ങളാലുള്ള ഉന്മേഷക്കുറവു, അക്ഷമ, യുദ്ധക്ലേശങ്ങളോടുള്ള വെറുപ്പു, രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെട്ടിട്ടുള്ള ശക്തിനാശം, അതിലാഭേച്ഛയിലുള്ള ശ്രദ്ധ, ഇവയും, വിജയത്തിനു വിഘ്നകരമായി വേറേയും പലതും, ഇനിയും പടവെട്ടി അകറേറണ്ടതായിരിക്കുന്നതേയുള്ളൂ. തങ്ങളുടെ പ്രാപ്തിയുടെ നൂറു ശതമാനം പരിശ്രമങ്ങൾ ചെയ്തുവെച്ചിട്ടുള്ള മററു രാജ്യക്കാരോടു, സമാധാന സമ്മേളനത്തിൽ കിട നില്ക്കുവാൻ, ഇന്ത്യയുടെ മൊത്ത യുദ്ധകാര്യപരിശ്രമങ്ങൾ അതിനെ അർഹയാക്കുന്നില്ല. ദേശീയ സമരമുന്നണി, ഇന്ത്യക്കു ആ യോഗ്യത ഉണ്ടാക്കിക്കൊടുക്കേണ്ടതാണു്.

ആസന്നമായിരിക്കുന്ന ആ ചക്രവാളത്തിന്നപ്പുറമായി സമാധാന കാലത്തിൻെറ വിഷമമേറിയ ആദിവത്സരങ്ങൾ മറഞ്ഞിരിക്കുന്നു. അന്നു തീർച്ചയായും ഭരണകർത്താക്കളേയും ഭരണീയരേയും അന്യോന്യം മനസ്സിലാക്കികൊടുക്കേണ്ടയാവശ്യം നേരിടും. "സമരം" എന്ന വാക്കു ആ പ്രസ്ഥാനത്തിൻെറ പേരിൽനിന്നു തള്ളിയാൽ അതിൻെറ ആദർശത്തേയും, മാതൃകയേയും പരിപാലിക്കുന്നേടത്തോളം കാലം, അങ്ങിനെയുള്ള ഒരു ദേശീയമുന്നണി, തീർച്ചയായും ആവശ്യമായിതീരുമെന്നു്, അതിൻെറ അധിനായകനായ ബഹു. മദിരാശി ഗവർണ്ണരോടു് ഞങ്ങൾ അഭിപ്രായപ്പെടുന്നു.

## ഭടരോട്

(തോടകം)

അടരാടിടുവാൻ പടയാളികളേ!
മടിതൻ മടിവിട്ടുടനൊന്നുണരൂ!
കുലമോ, മതമോ, നിറമോ, നിരുപി-
ച്ചുഴലിൻ കുഴിയിൽ തലതാഴ്ത്തരുതേ!
ഭരണക്കൊതിയാൽ, രുധിരപ്പുഴയാൽ
ധരയിൽ നരകം പണിയുന്നരികൾ.

വരുമുന്നലകം വരുതിപ്പുകയേ-
ററ, രിയില്ലിവിടെ, ത്തുണിയില്ലരയിൽ.
ഒരുമിക്കുക നാം, എഴുന്നേല്ക്കുക നാം,
പൊരുമാറുക നാം ചുണയോടിനിമേൽ
കരളും കരവും പതറാതനിശം
പൊരുതീടുക നാം മരണംവരെയും.

—ശ്രീ കെ. കെ. ജി. പിള്ള

# സർ സുൽത്താൻെറ പ്രക്ഷേപിണി പ്രസംഗം

(സമരമുഖങ്ങളിൽനിന്ന് നേരിട്ടു ലഭിച്ച ജ്ഞാനശകലങ്ങൾ)

## ഇന്ത്യൻ പടയാളികളുടെ മഹത്തരമായ സമരവിശേഷഗുണങ്ങൾ

"നാം അവരോടു ചേർന്നുനില്ക്കുക"

"പൌരസ്ത്യ സമരരംഗങ്ങളിൽ ഒരു മൂന്നു ദിവസത്തെ പര്യടനം നടത്തിയിട്ട് ഞാൻ ഇന്നലെ വൈകുന്നേരമാണ് മടങ്ങിയതു്" എന്ന്, ആണറബിൾ സർ സെയ്യിദ് സുൽത്താൻ അഹമ്മദ് (Member for Information and Broadcasting) ഡെൽഹിയിൽവെച്ചു് ചെയ്ത പ്രക്ഷേപിണിപ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി. "ബർമ്മ രംഗങ്ങളിലെ സ്ഥിതിഗതികളെപ്പററി ഞാൻ കണ്ടതു് അതുപടി നിങ്ങളോടു പറയാൻ പ്രഥമാവസരം വിനിയോഗിക്കേണ്ടതു് എൻെറ കടമയാണെന്നു എനിക്കു തോന്നുന്നു.

"കൊഹിമ, ഇംഫാൽ, അരാക്കാൻ എന്നീ രംഗങ്ങളിലെ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തേയോ പിന്നത്തേയോ ഫലങ്ങളെപ്പററി വല്ല ഭയവുമുണ്ടെങ്കിൽ അതു മറന്നുകളയണമെന്നു ആദ്യമേതന്നെ ഞാൻ പറഞ്ഞുകൊള്ളുന്നു. ഇപ്പോൾ യാതൊരാപത്തുമില്ല, പിന്നീടും, ടോക്കിയോ റേഡിയോവിൽനിന്ന് ജാപ്പാൻകാരൻ ചെയ്യുന്ന ദുഷ്പ്രചരണഫലമായിട്ടുണ്ടാകുന്നെങ്കിലല്ലാതെ മറെറാരു ആപത്തും ഇന്ത്യക്കുണ്ടാകുന്നതല്ല. അതെല്ലാം കേട്ട് വഞ്ചിതരാകരുതു്. അവരുടെ ഒടുവിലത്തെ കയ്യാണതു്. യുദ്ധരംഗത്തു തങ്ങളുടെ പടയാളികൾക്കു് നേടാൻ സാധിക്കാത്തതാണു് അവർ ഇങ്ങിനെ നേടാൻ ശ്രമിക്കുന്നതു്. നിങ്ങൾ അവരാൽ വഞ്ചിതരാകരുതു്. ഇംഫാൽ ജാപ്പാൻകാരുടെ കൈവശമാണെന്നു് ടോക്കിയോ പല പ്രാവശ്യവും പ്രലപിക്കുന്നതു് നിങ്ങൾ കേട്ടിരിക്കാം. എന്നിട്ടും, ഞാൻ ഇംഫാലിലേക്കും, അവിടുന്നു മടങ്ങിയും വിമാനത്തിൽ പറന്നപ്പോൾ, ഞാൻ യാത്രചെയ്തിരുന്ന വിമാനമാകട്ടെ, അനുയാത്ര ചെയ്തിരുന്ന ഫൈറററുകളാകട്ടെ, ആകാശത്തിലോ ഭൂമിയിലോ ജാപ്പാൻകാരുടെ എതിർപ്പിൻെറ യാതൊരു ചിഹ്നവും കണ്ടതേയില്ല. തങ്ങളുടെ കൈവശമാണെന്നു ജാപ്പാൻ മൂന്നു തവണ ഉദ്ഘോഷിച്ച ഇംഫാലിൽ, ഗതാഗതത്തിന്നായുള്ള വിമാനങ്ങൾ വരികയും, വണ്ടികളിൽ ധാരമുറിയാതെ യുദ്ധസാമഗ്രികളും ആഹാരസാധനങ്ങളും വന്നുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടു്. പക്ഷേ, ഈ വിമാനങ്ങളും, വണ്ടികളും നമ്മുടേതാണു്. അവർ പടിഞ്ഞാറുകൂടി ഒഴിച്ചുപോകുകയാണു്, അല്ലാതെ കിഴക്കുകൂടി പ്രവേശിക്കുകയല്ല. ആത്മവിശ്വാസവും, സ്ഥൈര്യവും അതിമാത്രമുള്ള ഇന്ത്യൻ ഭടന്മാരും ബ്രിട്ടീഷ് ഭടന്മാരുമവിടെയുള്ളതുകൊണ്ടു്; അവരെ തോല്പിക്കാൻ സാദ്ധ്യമാണെന്നു് ടോക്കിയോവിൽനിന്നു് ജല്പിക്കുന്നതു് കേവലം വ്യർത്ഥമാകയാൽ, ആ വ്യാമോഹം കൈവിടുവാൻ ജാപ്പാൻകാരോടു് ഉദ്ബോധിപ്പിക്കുവാൻ എനിക്കു ബലമായി തോന്നുന്നു.

എൻെറ സന്ദർശനത്തിൻെറ ആദ്യദിവസം ഞാൻ വൈസറോയിയുടെ കമ്മീഷനുള്ള ഉദ്യോഗസ്ഥന്മാരുമായി അവരുടെ ഭോജനശാലയിലാണ് ആഹാരം കഴിച്ചതു്. എൻെറ സന്ദർശനത്തിനെക്കുറിച്ചു് കാലേക്കൂട്ടി അറിഞ്ഞിരുന്നുവെങ്കിൽ, ഒരു പ്രത്യേക വിരുന്നു തയ്യാറാക്കുമായിരുന്നു എന്നു അവർ പറഞ്ഞു. അവരുടെ ഒരു സാധാരണ ഭക്ഷണത്തിൽ പങ്കുകൊള്ളുന്നതാണെനിക്കിഷ്ടം എന്നു ഞാൻ മറുപടി കൊടുത്തു. വാസ്തവത്തിൽ എനിക്കതുതന്നെയായിരുന്നു ഇഷ്ടവും. അവരുടെ ഉണവ്വിൻെറ മെച്ചമനുസരിച്ചു്, ഭക്ഷണവും വളരെ നന്നായിരുന്നു. ഹിന്ദുക്കളും, മുസ്ലീമുകളും, സിക്കുകാരും ഒരേ മേശയിൽവെച്ചു് ആഹാരം കഴിച്ചിരുന്നു. ജാപ്പാൻകാർ ഇന്ത്യയെ വിജയപൂർണ്ണമായി ആക്രമിക്കുക എന്ന വസ്തുതതന്നെ അവരിൽ പരിഹാസച്ചിരി ഉളവാക്കി. "ഞങ്ങളുടെ കീർത്തിയെ ഞങ്ങൾ തെളിയിച്ചിട്ടുണ്ടു്. എല്ലാ യുദ്ധത്തുറകളിലും ഞങ്ങൾക്കു് മെച്ചമായ സജ്ജീകരണങ്ങളുണ്ടു്. ആകാശത്തിൽ ഞങ്ങൾക്കാണു് ആധിപത്യം, ഞങ്ങൾക്കു ധാരാളം ഭക്ഷണസാധനങ്ങളുണ്ടു്. എല്ലാററിനും പുറമെ, ഞങ്ങൾ സ്വരാജ്യരക്ഷക്കായി യുദ്ധം ചെയ്യുകയുമാണു്. നേരിട്ടു വന്നു യുദ്ധം ചെയ്വാൻ ഭയന്നു്, കാട്ടിൽ ഒളിച്ചിരുന്നുകൊണ്ടു് ആക്രമണം നടത്തുകയും, ഗ്രാമവാസികളിൽനിന്നു തട്ടിയെടുത്ത ആഹാരംകൊണ്ടു ഉപജീവനം കഴിക്കുകയും, 'ചൊട്ടുകൊടുത്തോടുക' എന്ന രീതിയിൽ വിമാനാക്രമണം നടത്തുകയും, നിരായുധരായ സാധാരണക്കാരെ ക്രൂരമായി ദ്രോഹിക്കുക എന്ന യുദ്ധതന്ത്രം ആചരിക്കുകയും ചെയ്യുന്നവരെ ഞങ്ങൾ എന്തു ഭയപ്പെടാനാണു്!" എന്നു അവർ പറഞ്ഞു.

നാനാമുഖമായ യുദ്ധസജ്ജീകരണശക്തിയുള്ള നമുക്കുതന്നെ, തീർച്ചയായും വിജയമുണ്ടാവും എന്നു ഒരു സുബേദാർ മേജർ എനിക്കുറപ്പു തന്നു. "ഞങ്ങളുടെ പാരമ്പര്യം പരാജയത്തെ വരിക്കാൻ തയ്യാറാക്കപ്പെട്ടതല്ല. ഞങ്ങളുടെ കുടുംബത്തിനും, ഗ്രാമത്തിനും, രാജ്യത്തിനും അതു ഒരു അപമാനമായിത്തീരും. ഡെൽഹിയിലേക്കു മടങ്ങിപ്പോയിട്ടു് ഞങ്ങളുടെ നാട്ടുകാരോടു, ജാപ്പാൻകാരെ നിശ്ശേഷം തോല്പിച്ചല്ലാതെ ഞങ്ങൾ മടങ്ങിവരുന്നതല്ലെന്നു പറയൂ" എന്നു അയാൾ തുടർന്നു പറഞ്ഞു. ജാപ്പാൻകാരെ നിശ്ശേഷം പൊടിയാക്കുവാനുള്ള അവരുടെ ശക്തിയിൽ നമുക്കുള്ള ദൃഢവിശ്വാസത്തെ നിങ്ങളുടെ പ്രതിനിധിയായി ഞാൻ അവരെ ധരിപ്പിച്ചു. രോഗികളായും, മുറിയേററും ആശുപത്രികളിൽ കിടക്കുന്നവരും, ഇന്ത്യൻ ധാത്രിമാരും, വനിതാഡോക്ടർമാരും, എല്ലാവരും ഈ പ്രസന്നമായ പ്രസരിപ്പാണു് പ്രകാശിപ്പിച്ചതു്. അവർക്കു വിജയലബ്ധിയിൽ പരിപൂർണ്ണമായ വിശ്വാസമുണ്ടായിരുന്നു. ഓരോരുത്തരും കഴിയുന്നപോലെ അവരവരുടെ ജോലി ചെയ്തുവരികയും ചെയ്തു.

ബർമ്മാ രംഗത്തിലെ പ്രവർത്തനങ്ങൾ, നമ്മുടെ ഇന്ത്യൻ പടയാളികളുടെ മഹത്തരമായ സമരവിശേഷഗുണങ്ങളെ വീണ്ടും വെളിപ്പെടുത്തിയെന്നു ജനറൽ സ്ലീം എന്നോടു പറയുകയുണ്ടായി. "അവർ എല്ലായ്പോഴും ഒന്നാംകിടയിലാണു്. എല്ലാ സംസ്ഥാനങ്ങളിൽനിന്നും ആളുകൾ പലവിധ സേവനങ്ങളും നടത്തിവന്നിരുന്നു, ഇന്നും തുടർന്നുവരികയും ചെയ്യുന്നു" എന്നു അയാൾ പറഞ്ഞു. ഇംഫാലിലേക്കുള്ള യാത്രയിൽ ഞങ്ങൾക്കു നല്ല ഫൈറററർവിമാനാകമ്പടിയുണ്ടായിരുന്നു. കാരണം, എൻെറ ഈ സന്ദർശനം തലേ ദിവസം വൈകിട്ടു് ജാപ്പാൻ റേഡിയോ പ്രഖ്യാപിച്ചിരുന്നു. ഞങ്ങൾ നിശ്ചിതസ്ഥലത്തു അപകടമൊന്നുമില്ലാതെ ചെന്നുചേർന്നെങ്കിലും, രണ്ടു മണിക്കൂർ മുൻപു, ഇരുപതു ജാപ്പ് വിമാനങ്ങൾ ഇംഫാലിൽ ആക്രമണം നടത്തിയെന്നും, അവയിൽ ഏഴെണ്ണം താഴത്തു വീഴ്ത്തപ്പെട്ടുവെന്നും, ഞങ്ങൾ വിമാനത്തിൽനിന്നിറങ്ങിയ ഉടൻ അറിഞ്ഞു. അന്നുതന്നെ ഉഖ്രുൾ, ബിഷൻപൂർ രംഗത്തിൽവെച്ചു് അവരുടെ നാലു പീരങ്കികൾ നമ്മുടെ ഭടന്മാർ പിടിച്ചെടുത്തു. എൻെറ സന്ദർശനം അവർക്കു ഭാഗ്യം പ്രദാനംചെയ്തുവെന്നു ജനറൽ സ്ലീം നേരമ്പോക്കായിട്ടു പറഞ്ഞു. ഇംഫാലിലെ സൈനികകേന്ദ്രത്തിൽ ശത്രുസൈന്യങ്ങളുടെയും നമ്മുടെ സൈന്യങ്ങളുടെയും നിലയും, അയാൾ എനിക്കു വിശദമായി വിവരിച്ചുതന്നു. അവർ അധൈര്യപ്പെട്ടിരുന്നില്ലെന്നുതന്നെയല്ല, നമ്മുടെ സൈന്യങ്ങൾ, തങ്ങളുടെ നില സൌകര്യമായ ഒരു സ്ഥാനത്തുറപ്പിച്ചു, ശത്രു ഒളിച്ചിരിക്കുന്ന കാട്ടിൽനിന്നു് വെളിയിൽ വന്നാലുടൻ യുദ്ധം ചെയ്വാനുള്ള അവസരം ആർത്തിയോടെ പാർത്തിരിക്കുകയായിരുന്നെന്നുകൂടി എനിക്കു ബോദ്ധ്യമായി.

മണിപ്പൂരിലെ പൊളിററിക്കൽ ഏജൻറു, ഇംഫാലിൽ എന്നെ കാണാൻ വന്നയവസരത്തിൽ, ജാപ്പാൻകാരുടെ അധീനത്തിലിരിക്കുന്ന ബർമ്മാപ്രദേശങ്ങളിൽ പ്രചാരത്തിലിരുന്ന നാണയമുദ്രയുടെ ചില മാതൃകകൾ കൊണ്ടുവരികയുണ്ടായി. അഞ്ചും പത്തും ഉറുപ്പികകളുടെ നോട്ടുകൾ, യാതൊരു ഒപ്പും ബേങ്കിൻെറ പേരുമില്ലാതെ, ആകർഷകമായി അച്ചടിച്ചുണ്ടാക്കിയിരുന്നു. നമ്മുടെ പത്തുറുപ്പികയെ അനുകരിച്ചു അടിച്ചു, തങ്ങൾ പിടിച്ചടക്കിയ രാജ്യങ്ങളിൽ അവർ പ്രചരിപ്പിച്ചിരുന്ന കള്ളനോട്ടും അയാൾ കാണിച്ചുതന്നു.

ഇംഫാലിൽ പ്രത്യക്ഷമായിരുന്ന പ്രസന്ന പ്രകൃതിയും സംതൃപ്തിയും തന്നെ അരാക്കാനിലും ദൃശ്യമായി. ആപ്പീസറന്മാരും പടയാളികളും ഉത്സാഹാധിക്യത്താൽ അദ്ധ്വനഗനരായിട്ടാണ് ജോലികൾ ചെയ്തുവന്നതു്. ആശുപത്രികളിലും, സൈനിക കേന്ദ്രങ്ങളിലും നമ്മുടെ സ്ഥിതിയേയും ശക്തിയേയും കുറിച്ചു പരിപൂർണ്ണമായ സംതൃപ്തിയും വിശ്വാസവുമുണ്ടായിരുന്നതിനും പുറമേ, യുദ്ധക്കളങ്ങളിൽനിന്ന് അവയെ ദൃഢതരമാക്കുമാറുള്ള വർത്തമാനങ്ങൾ അനവരതം പ്രവഹിച്ചുകൊണ്ടുമിരുന്നു. ഞാൻ പോയേടത്തെല്ലാം, ആപ്പീസറന്മാരും പട്ടാളക്കാരും എന്നെ സ്വാഗതം ചെയ്യുകയും, അവിടത്തെ സ്ഥിതിഗതികളുമായി പരിചയപ്പെടുന്നതിന്നുവേണ്ട സഹായസഹകരണങ്ങൾ ചെയ്തുതരികയും ചെയ്തു. ഇന്ത്യൻ ആപ്പീസറന്മാരും ഭടന്മാരും എന്നെ ഹാർദ്ദമായി സ്വാഗതം ചെയ്യുകയും, വൈസറോയിയുടെ സഭയിലെ ഒരു അംഗത്തെക്കാണാൻ സാധിച്ചതിൽ വളരെ സന്തോഷിക്കുന്നു എന്നു പറയുകയും ചെയ്തു. 14-ാം സൈന്യത്തിന്റെ കേന്ദ്രത്തിൽവെച്ച് ജനറൽ ഗിഫ്ഫാഡിനോട് യാത്ര പറഞ്ഞു മടങ്ങുന്നയവസരത്തിൽ അദ്ദേഹവും ആഫീസറന്മാരും എന്നോടു കാണിച്ച സൌഹാർദ്ദത്തിന്നും ഔദാര്യത്തിന്നും അവരോടു എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തി. എന്റെ ഈ സന്ദർശനം എല്ലാവർക്കും വളരെ സന്തോഷത്തെ ഉളവാക്കിയെന്ന് അദ്ദേഹം എനിക്കു ഉറപ്പുതന്നു. എനിക്കു കൈതന്ന അവസരത്തിൽ "ഞാൻ പറഞ്ഞതു കളിയല്ല" എന്നും "ഇതു വെറും ഒരു വേഷം കാട്ടലാണെന്നു വിചാരിക്കരുതു്. ഇനിയും എപ്പോഴാണ് ഇങ്ങോട്ടു വരാനാഗ്രഹിക്കുന്നതെന്ന് എന്നെ ഒന്നറിയിക്കൂ, ഞാൻ സകല ഏർപ്പാടുകളും ചെയ്യാം" എന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ സ്നേഹപൂർണ്ണമായ ക്ഷണനത്തിനു നന്ദിപറഞ്ഞുകൊണ്ടു്, വിമാനമാർഗ്ഗം ഞാൻ കൽക്കത്തയിലേക്കു പുറപ്പെട്ടു.

ബർമ്മയിലെ മൂന്നു ദിവസത്തെ സന്ദർശനത്തിനിടക്കു എന്റെ മനസ്സിൽ പതിഞ്ഞതായ സംഗതികൾ നിങ്ങളോടു പറയാൻ ഈ സന്ദർഭം ഞാൻ വിനിയോഗിച്ചു കൊള്ളുന്നു. ഒന്നാമതായി നമ്മുടെ ഭടന്മാരിൽ തെളിഞ്ഞു കാണുന്ന ആത്മവിശ്വാസം, ധൈര്യം, സ്ഥൈര്യം എന്നിവയാണ്. രണ്ടാമത്തേതു്, എങ്ങും പ്രത്യക്ഷമാകുന്ന ആയുധവാഹനാദി സജ്ജീകരണങ്ങളുടെ സുലഭതയും, മൂന്നാമത്തേതു്, അപൂർവ്വമായി ശത്രുക്കളിൽനിന്നു നേരിടുന്ന ചില്ലറ ആക്രമണങ്ങളാൽ മാത്രം പ്രതിബദ്ധമായിരിക്കുന്ന നമ്മുടെ വൈമാനികാധിപത്യവും, നാലാമത്തേതാകട്ടെ, ജാപ്പാൻകാർക്കു തന്നെ, തങ്ങളുടെ സൈന്യങ്ങൾ കുടുങ്ങിയെന്നും, ഒന്നുകിൽ വർഷാരംഭത്തിന്നു മുമ്പു പിന്മാറുകയോ, അല്ലാത്തപക്ഷം നിശ്ശേഷം നാമാവശേഷമാകുകയൊ ചെയ്യുമെന്നുമുള്ള ബോധമാണ്. ഈ വസ്തുതയാണ്, അവാസ്തവവും തങ്ങൾ പിടിച്ചടക്കിയ സ്ഥലങ്ങളിൽ പ്രചരിപ്പിച്ചിരിക്കുന്ന കള്ള നോട്ടുകളോളം തന്നെ വലിപ്പമുള്ളതുമായ വിജയവാർത്തകൾകൊണ്ടു മൂടാൻ അവർ ശ്രമിക്കുന്നതു്. ഈ വിജയാവകാശവാദങ്ങൾ കൊണ്ടൊന്നും നമ്മുടെ ഭടന്മാർ വഞ്ചിതരാകയില്ല. നേരിട്ടുള്ള അനുഭവത്തിൽ നിന്നു, ശത്രുക്കളുടെ ഈ വിജയോത്ഘോഷങ്ങളുടെ നേർക്കു പരിഹാസപൂർവ്വം ചിരിക്കാൻ നമുക്കും അവകാശമുണ്ടെന്നു പറയാൻ എനിക്കു കഴിയും. എന്തുകൊണ്ടെന്നാൽ, ജാപ്പാൻകാർ യുദ്ധവിഷയകമായി ഇന്നുള്ളതിൻ കൂടുതൽ ഒട്ടും പുരോഗമിച്ചിട്ടില്ല എന്നുള്ളതു തീർച്ചയാണ്. അവരുടെ വിജയാവകാശപ്രസ്താവനകളാകട്ടെ, ബർമ്മ, മലയാ, ഡച്ച് ഈസ്റ്റ് ഇൻഡീസ് ഇവകൾക്കു നൽകിയ സ്വാതന്ത്ര്യദാനപ്രഖ്യാപനഫലം പോലെ യഥാർത്ഥങ്ങളാണ്. അവരുടെ ജീവിതം തന്നെ, ഒരു വ്യാജസഹോൽക്കർഷത്തിന്റെയും, കള്ളനാണ്യങ്ങളുടേയും, വ്യാജവിജയങ്ങളുടേയും ഒരു ലോകത്തിലാണ്. അവരാൽ നാം വഞ്ചിതരാകരുതു്; മറിച്ച്, ഈ യുദ്ധത്തിന്റെ വിജയപൂർണ്ണവും ശീഘ്രവുമായ പരിസമാപ്തിക്കായി സമരമുഖങ്ങളിൽ അശ്രാന്തമടരാടിക്കൊണ്ടിരിക്കുന്ന നമ്മുടെ ഭടന്മാരെ സഹായിക്കാനും, ഭാവിയിലെ സ്വാതന്ത്ര്യത്തിന്നും സമാധാനത്തിന്നുമായി പരിശ്രമിക്കാനും ദൃഢമായുറച്ചുകൊണ്ടു് നാം മുന്നോട്ടുകുതിക്കൊള്ളണം.

അതിരുകടന്ന ശുഭപ്രതീക്ഷ ഞാൻ ഉപദേശിക്കുന്നില്ല. കൊഹിമ രംഗത്തിൽ അതിഭയങ്കര സമരം നടന്നുകൊണ്ടിരിക്കുന്നു. ഇനിയും അനേകം മാസത്തെ ഘോരസമരം ഭാവിയിലുണ്ടുതാനും. പക്ഷെ, ഇങ്ങിനെയൊക്കെയാണെങ്കിലും ഞാൻ ഊന്നിപ്പറയാനാഗ്രഹിക്കുന്നതെന്തെന്നാൽ, നമുക്കു അവസാന വിജയം നിശ്ചയമെന്നു ഇതിൽ കൂടുതൽ ഉറപ്പു മുൻപു ഒരിക്കലും ഉണ്ടായിട്ടില്ല എന്നതാണ്. ഇന്നാകട്ടെ, ആ വിജയത്തിന്നു വേണ്ടിവരുന്ന കാലദൈർഘ്യം എത്രയെന്നുമാത്രം ആലോചിച്ചാൽ മതിയെന്ന ഘട്ടമെത്തിയിട്ടുണ്ടു്. വീട്ടിലും, പടക്കളത്തിലുമായി സകല ഇന്ത്യക്കാരുടെയും ഏകോപിച്ചുള്ള പരിശ്രമത്തെ ആശ്രയിച്ചാണ് ഈ കാലദൈർഘ്യത്തിന്റെ സ്ഥിതി. നമ്മുടെ ഭടന്മാർ ആസ്സാമിലും, അരാക്കാനിലും അവരുടെ ജോലി വീരോചിതമായി ചെയ്തുവരുന്നുണ്ടു്. നമുക്കും അവരോടൊപ്പം പരിശ്രമിക്കാം."

## മുതിർന്നീടുവിൻ!

(പാന മട്ട്)

പണ്ടുപണ്ടേ പുകളാന്ന നമ്മളെ-
വേണ്ടപ്പോൾ പരിരക്ഷ ചെയ്തിങ്ങിനെ
ശൂന്യിയേതും കലരാത്ത ബ്രിട്ടനാം-
പണ്ഡിതസാർവ്വഭൌമൻ ജയിക്കണം.
ഘോരമാകും ദുരിതങ്ങളിൽനിന്ന്
പാരം കാത്ത മഹിതർ യശസ്വികൾ
പാരിലുള്ള ഖലരെയമർത്തുടൻ
പോറിലിന്നു വിജയം വരിക്കണം.

കയ്യിലുള്ള കനകമുപേക്ഷിച്ചി-
ട്ടിയ്യമിച്ചിരിക്കവേണ്ട സഹജരേ!
ശൌര്യമുള്ളോരീ ബ്രിട്ടൻ നമുക്കെന്നു-
മാര്യമാകും ഗുണങ്ങളരുളിടും.
താരിൽ മാതു നടനം നടത്തുന്ന
ഭാരതം പരിരക്ഷ ചെയ്തീടുവാൻ
ക്രൂരരാകുമരികളെ വെല്ലുവാൻ
ധീരതയോടു നാം മുതിർന്നീടണം.

—ശ്രീ കെ. കെ. ജി. പിള്ള

# മൂന്നാം മദിരാശിപ്പട്ടാളത്തിൻെറ വീര പരാക്രമങ്ങൾ

## ഇംഫാൽ രംഗത്തിൽ ജാപ്പാൻകാർക്കു ഭയങ്കരമായ പരുക്കേല്പിച്ചിരിക്കുന്നു

ഷെല്ലുകളെറിഞ്ഞും, യന്ത്രത്തോക്കുകളാൽ വെടിവെച്ചും, മററു പലവിധത്തിലും, പന്ത്രണ്ടു ദിവസം മുഴുവൻ ഉപദ്രവിച്ചുകൊണ്ടിരുന്നിട്ടും, ടാമു റോഡിൽ ഇംഫാലിനു തെക്കുകിഴക്കായുള്ള "സീതാസേതു" വിനെ ബലമായി കൈവശം വെച്ചുകൊണ്ടിരുന്ന ഒരു ഇന്ത്യൻ സൈന്യത്തെ ഇളക്കാൻ സാധിക്കാതെ, അവരെ എതിർത്തുകൊണ്ടിരുന്ന ജാപ്പാൻ സൈന്യം, ഒരു വാക്‌സമരം ആരംഭിച്ചു.

ശത്രുപക്ഷത്തിലെ ഒരു യുദ്ധപ്രചാരകൻ ഇരുനൂറു വാര അകലെ, ഒരു കുററിക്കാട്ടിൽ ഒളിച്ചിരുന്നുകൊണ്ടു്, ഒരു ദിവസം മുഴുവൻ ഇടവിടാതെ തൻെറ ഉച്ചഭാഷിണിയിൽക്കൂടി, അസഭ്യങ്ങളും, ഭീഷണികളും, നുണകളും വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. അയാൾ ഉർദുവിലാണു് സംസാരിച്ചതു്. അയാൾ തൻെറ പ്രാണനെ രക്ഷപ്പെടുത്തിയിരുന്നു. നമ്മുടെ പടയാളികളിൽ അധികം പേർക്കും അതിൽ ഒരു വാക്കുപോലും മനസ്സിലായില്ല. അവരെല്ലാവരും, തമിഴും, തെലുങ്കും, മലയാളവും സംസാരിച്ചിരുന്ന മദിരാശിക്കാരായിരുന്നു. അവർ ശത്രുവിൻെറ വാക്‌സമരത്തിനു വെടിയുണ്ട കൊണ്ടാണു് മറുപടി നൽകിയതു്.

ഈ ഏററുമുട്ടലിലും, അതുപോലെ മററു പല സന്ദർഭങ്ങളിലും, നമ്മുടെ തെന്നിന്ത്യൻ സൈന്യങ്ങൾ അവരുടെ യോഗ്യത തെളിയിച്ചിട്ടുണ്ടു്. ഈ പടയാളികൾ ചേർന്ന മൂന്നാം മദിരാശിപ്പട്ടാളം ഇക്കഴിഞ്ഞ സമരത്തിൽ നൂററിഅൻപതു ജാപ്പാൻകാരെ കൊല്ലുകയും, അനവധി വാളുകളും കൊടികളും വിജയലക്ഷ്യമാക്കി കൈക്കലാക്കുകയും ചെയ്തിട്ടുണ്ടു്.

മൂന്നാം സൈന്യത്തിൽ, ശത്രുവിൻെറ ചോര വാങ്ങിയ പ്രഥമ വിഭാഗം ഇവരാണെന്നു ഒരു സൈനികനിരീക്ഷകൻ പറയുന്നു. ബാംഗളൂരിലെ ഒരു പ്രാദേശിക സൈന്യമായി 1940ൽ രൂപീകരിക്കപ്പെട്ട ഈ സൈന്യവിഭാഗം, 1941 ൽ ശരിയായ ഒരു സൈന്യത്തിൻെറ അംഗമായിത്തീർന്നു. ജാപ്പാൻകാരുമായുള്ള ഇവരുടെ ആദ്യത്തെ ഏററുമുട്ടൽ, നാലുമണിക്കൂർ നേരത്തെ മുന്നറിയിപ്പോടുകൂടി, യുനദിക്കു സമീപമുള്ള തിലാവുങ്ങ്‌വിയയിൽ സ്ഥലം പിടിക്കുവാനായി 1943 ഡിസമ്പറിൽ ഇവരുടെ ഒരു സംഘം മുപ്പതു മൈൽ ഉള്ളിലേക്കു കടന്നയവസരത്തിലാണു്.

പതിനഞ്ചു വർഷത്തെ പ്രാദേശിക സൈനിക സേവനവും, നാലു വർഷത്തെ ശരിയായ സൈനിക സേവനവും, സിദ്ധിച്ച ഒരാളാണു്, തിരുനെൽവേലി ജില്ലയിൽ, കോയിൽപട്ടിയിലെ ഒരു ബോർഡ് സ്കൂളദ്ധ്യാപകനായിരുന്ന സുബേദാർ മേജർ ചുടലമുത്തു. ആപ്പീസ്സറന്മാരിൽ മൂന്നിൽ രണ്ടു പങ്കും, ഇന്ത്യൻ സൈന്യങ്ങളിൽ ബ്രിട്ടീഷാപ്പീസറന്മാരോടുകൂടി യുദ്ധസേവനമനുഷ്ഠിച്ചിട്ടുള്ളവരാണു്.

## മദിരാശിക്കാർ ഇംഫാൽ രംഗത്തിൽ പ്രശസ്തി നേടുന്നു

ഒരു സൈനിക നിരീക്ഷകൻെറ ഔദ്യോഗികകത്തിൽ, തൃശ്ശിനാപ്പള്ളിയിലെ പൊൻമലക്കാരനായ മേജർ ആർ. എസ്. നൊറൊൻഹാ (Major R. S. Noronha) യും, മൂന്നാം മദിരാശിപ്പട്ടാളത്തിലെ ഏതാനും പടയാളികളും കൂടി, "സീതാസേതു" നിരോധനം നടത്തിയ കഥ പ്രസ്താവിച്ചിരിക്കുന്നു. അവരുടെ പ്രവർത്തനാതിർത്തിയിൽനിന്നു 500 വാര അകലെയായിരുന്നു വെള്ളം സംഭരിച്ചിരുന്നതു്. ഈ സംഭരിച്ചുവെച്ചിരുന്ന വെള്ളം തീർന്നതിനുശേഷം, ദേഹരക്ഷോപായങ്ങളോടുകൂടി, സംഘം ചേർന്നു, ദൂരെനിന്നു വെള്ളം കൊണ്ടുവരേണ്ടിവന്നു. ഈ രക്ഷാ മുൻകരുതലുകൾ ശത്രുവിൻെറ ലാക്കിനു എപ്പോഴും അടിപ്പെട്ടിരുന്നു. ഒരു ദിവസത്തേക്കു, കുടിക്കുവാൻ, അരക്കുപ്പി വെള്ളമാണു് അനുവദിച്ചിരുന്നതു്. കുളിയേ ഇല്ലായിരുന്നു. ആഹാരസാധനങ്ങൾ, ശക്തിയേറിയ ഒരു സൈന്യം, തോക്കു പടയാളികളുടെ പിൻതുണയോടുകൂടിയാണു്, നിരത്തുവഴി കൊണ്ടുവന്നിരുന്നതു്.

പ്രസ്തുത മദിരാശി സൈന്യം, ഈ സേതുവിൽ പ്രവേശിച്ചപ്പോൾ നിരോധമുണ്ടായിരുന്നില്ല. അവർ കുഴികൾ കുഴിച്ചു് തൂണുകൾ നാട്ടി, കമ്പിയും മൈനുകളും ഇടേണ്ടിയിരുന്നു. പിന്നീടു്, ഗൂർഖാ സൈന്യങ്ങൾകൂടി വന്നു ചേർന്നതോടുകൂടി, ഈ സംഘം, ഒരു വീരങ്കി സൈന്യത്തിൻെറ ശക്തിയേറിയ ആക്രമണങ്ങളെ ഏകദേശം നാലുമണിക്കൂർ നേരത്തേക്കു എതിർത്തു നിന്നതിൽനിന്നു്, അവരുടെ പ്രാപ്തിയുടെ ശരിയായ ഒരു തെളിവു ലഭിക്കുന്നു. ശത്രുസൈന്യത്തിൽ 200 ആളുകൾ ഇതിനകം കൊല്ലപ്പെട്ടു.

ഈ മദിരാശിക്കാർ ആ രംഗത്തു വെച്ചു്, ശത്രുവിൻെറ ഇടവിടാതെയുള്ള ഷെല്ലേറുകൾക്കും, വെടികൾക്കും, ആക്രമണങ്ങൾക്കും പാത്രമായിരുന്നു. ഒരു സന്ദർഭത്തിൽ, ഒരു സംഘം ജാപ്പാൻകാർ, രാത്രിയിൽ വന്നു ഇവരുടെ പ്രവർത്തനാതിർത്തിയിലെ ഒരു കമ്പി, ബാംഗളൂർ ടോർപിഡോയുടെ സഹായത്തോടുകൂടി മുറിക്കാൻ ശ്രമിച്ചു. മദിരാശിയിലെ പുതുപ്പേട്ടക്കാരനായ ലാൻസ് നായിക് സെൻഗാണി, ആ സംഘക്കാരെ എം. എൻ. സി. തോക്കുകൾക്കു ലക്ഷ്യമാക്കി കൊന്നു.

മുൻപൊരവസരത്തിൽ, ഈ സൈന്യം കാവൽ നില്ക്കുമ്പോൾ, വേവൽ പ്രഭുവും, സർവ്വസൈന്യാധിപൻ ജന: സർ ക്ലാഡി ആക്കിൻലക്കും ഇവരെ വന്നു പരിശോധിക്കയുണ്ടായിട്ടുണ്ടു്. ഈ സൈന്യം തന്നെ മുൻപിലത്തെ വൈസറോയിയുടെ അംഗരക്ഷക സൈന്യമായി കൽക്കത്തയിൽ സേവനം നടത്തിയിട്ടുണ്ടു്. ശത്രുവുമായി ഈയിടെ ആദ്യമായി ഈ സൈന്യത്തിനുണ്ടായ വിജയപൂർണ്ണമായ എതിർപ്പോടുകൂടി, മുന്നവസരങ്ങളിൽ ഇവർക്കു ലഭിച്ചിരുന്ന പ്രശംസ ഉചിതമെന്നു് പട്ടാളക്കാർക്കും, ആപ്പീസ്സറന്മാർക്കും, നിരീക്ഷകന്മാർക്കും തോന്നിത്തുടങ്ങുകയും, ഈ സൈന്യത്തിൻെറ ചരിത്രത്തിൽ അനുരൂപമായ ഒരു പുതിയ അദ്ധ്യായം എഴുതപ്പെടുകയും ചെയ്തിരിക്കുന്നു.


### എസ്. എസ്. എസ്.

കണക്കിലധികം വാങ്ങിക്കൂട്ടുക, അതിലാഭമെടുക്കുക, പട്ടിണിക്കിടയാക്കുക, ഇവയോടെല്ലാം സമ്പാദ്യംകൊണ്ടു പടവെട്ടുക.

ദേശീയ സമ്പാദ്യപത്രം വാങ്ങുക.




# ദീർഘദർശിക്കു ബഹുമതിയില്ലാതില്ല

[സുപ്രസിദ്ധനായ ഒരു സാഹിത്യകാരൻ തന്റെ സ്വദേശമായ സംസ്ഥാനത്തിലെ ഒരു ഉയൎന്ന ഉദ്യോഗസ്ഥനയച്ചുകൊടുത്ത കത്തിന്റെ ഒരു പ്രതി പ്രസിദ്ധീകരണത്തിനായി നമുക്കു അയച്ചിട്ടുള്ളതാണിതു്.]

മദിരാശിയിൽനിന്നു മടങ്ങിവന്നപ്പോൾ, ദേശീയ സമരനിര അവിടെ ചെയ്യുന്ന പ്രശസ്തമായ ജോലിയെപ്പററി ഞാൻ നേരിട്ടു നിങ്ങളോടു പറഞ്ഞതു് ഓൎക്കുന്നുണ്ടായിരിക്കുമല്ലോ. അവിടത്തെ രീതി നമ്മുടെയാവശ്യത്തിലേക്കു് അനുകരിക്കുന്നതു് നന്നായിരിക്കുമെന്നു ഞാൻ സൂചിപ്പിക്കുകയുണ്ടായി. അതിനെക്കുറിച്ചു് എഴുതിയയക്കാൻ അന്നു നിങ്ങൾ സദയം അഭിപ്രായപ്പെട്ടു. ഇതാ ഞാൻ സന്തോഷപുരസ്സരം അങ്ങിനെ ചെയ്തുകൊള്ളുന്നു.

ഇനി എന്റെ ജോലി എളുപ്പമാണു്. ദേശീയ സമരമുന്നണിയുടെ അനവധി പ്രമാണികളുടേയും, ലേഖകന്മാരുടേയും, പത്രാധിപന്മാരുടേയും, സാന്നിദ്ധ്യത്തിൽ ഡെൽഹിയിൽവെച്ചു ഈയിടെ കൂടിയ കേന്ദ്ര ഗവൺമെന്റിന്റെ ഒരു ശാഖായോഗത്തിൽ (Meeting of the Publicity Advisory Committee of the Information and Broadcasting Department of the Central Government) ദേശീയ സമരമുന്നണിയുടെ മദിരാശി ശാഖ ചെയ്യുന്ന ജോലിയെപ്പററി അത്യന്തം ശ്ലാഘിച്ചു പ്രസംഗിച്ച ബീഗം ഷാ നവാസ്, എന്റെ ഗുരുതരമായ ചുമതല ലഘൂകരിച്ചു. എനിക്കു സംസാരിപ്പാനവസരമുണ്ടായപ്പോൾ അവരുടെ അഭിപ്രായത്തെ പിൻതാങ്ങുകമാത്രമെ ചെയ്യേണ്ടിയിരുന്നുള്ളൂ.

ഞാൻ ഒന്നോ രണ്ടോ ദേശീയ സമരമുന്നണി കേന്ദ്രങ്ങൾമാത്രമേ സന്ദൎശിച്ചിരുന്നുള്ളൂ; അതിനാൽ അവരുടെ സന്ദൎശന പര്യടനം എന്റേതിനേക്കാൾ കുറേക്കൂടി പൂൎണ്ണമായിരുന്നെന്നു പറയാം. പക്ഷെ, എന്റെ അനുമാനങ്ങൾ തന്നെയാണു് അവൎക്കും ഉണ്ടായിരുന്നതു്. ഒരു ഇംഗ്ലീഷുകാരൻ ദേശീയ സമരനിരയുടെ അധികൃതന്മാരാൽ വളരെ ദുരിതങ്ങൾ വന്നുകൂടുമെന്നു ഞാൻ ശങ്കിച്ചിരുന്നു. എന്റെ അനുഭവമാകട്ടെ, ആ ശങ്കയെ അടിസ്ഥാനരഹിതമെന്നു തെളിയിച്ചു. ഈ പ്രസ്ഥാനത്തെപ്പററിയുള്ള ആശങ്കളിൽ ഒന്നും ഇനി സഫലമാക്കേണ്ടതായി ബാക്കിയില്ല. ബീഗം ഷാ നവാസ് എത്രയും യുക്തമായി പറഞ്ഞതുപോലെ, മദിരാശിയിലെ പ്രസിദ്ധീകരണ പ്രസ്ഥാനം അത്തരത്തിലുള്ള ഏററവും ഉത്തമമായ ഒന്നുതന്നെയാണു്. അതിനുള്ള കാരണങ്ങൾ ഞാൻ വിശദമാക്കാം.

ഏകീകൃതമായുള്ള ഉത്സാഹത്തിന്റെ ഫലമാണു് ഇതിന്റെ ഒരു പ്രത്യേകത എന്നു തോന്നുന്നു. നമ്മുടെ ജോലിയും ഇതിൽ ഉൾപ്പെട്ടുപോകും. യുദ്ധകാൎയ്യ പ്രദൎശനങ്ങൾ ടൌണിന്റെ പ്രവൎത്തനരംഗത്തിൽ നിന്നു്, വളരെ ദൂരത്തായി, ജില്ലയിലെ യുദ്ധകാൎയ്യകേന്ദ്രത്തിൽ വെച്ചുനടത്തപ്പെടുന്നു. നമ്മുടെ ദേശീയ സമരനിരയുടെ ചുവർ നോട്ടീസുകളും ചിത്രങ്ങളും, സെക്രട്ടേറിയററിൽ പ്രദൎശിപ്പിച്ചിരിക്കുന്നു. ചുരുക്കത്തിൽ, മദിരാശിപ്പട്ടണമാണു് സകല പ്രവൎത്തനങ്ങളുടേയും കേന്ദ്രം; അവിടെനിന്നു് ആ ശക്തി, സംസ്ഥാനം ഒട്ടുക്കു വ്യാപിക്കുകയും ചെയ്യുന്നു. ഇവിടെയാകട്ടെ, പട്ടണംപോലും, ശരിയായി രൂപീകരിക്കാതെ നാം വിട്ടിരിക്കുന്നു.

വാഹനങ്ങളുടെ തിരക്കുകൂടിയ ഒരു സ്ഥലമായ മൌണ്ടു്റോഡിലാണു്, മദിരാശിയിലെ സമരമുന്നണി യുദ്ധസംബന്ധമായ സകല പ്രവൎത്തനങ്ങളുടേയും ആപ്പീസുകളുള്ള ഒരു വലിയ കെട്ടിടം എടുത്തിരിക്കുന്നതു്. ബഹു: ഗവൎണ്ണരുടെ യുദ്ധകാൎയ്യനിധി, യുദ്ധക്കടക്കമ്മിററി, ദേശീയ സമ്പാദ്യക്കമ്മിററി, ദേശീയ സമരനിരായുദ്ധപ്രദൎശനം, സ്ത്രീകളുടെ യുദ്ധസേവന വിഭാഗം, ഭക്ഷ്യോല്പാദന പ്രസ്ഥാനം, ഇവയും, മററനേകം പ്രസ്ഥാനങ്ങളും, ഈ കെട്ടിടത്തിൽ ഉൾപ്പെടുന്നു. വഴിപോക്കരെ ആകൎഷിക്കത്തക്കതാണു് അവിടത്തെ പ്രദൎശനംതന്നെ. കെട്ടിടത്തിന്റെ വെളിയിലെ ചുവർ ചിത്രങ്ങളാണു് എന്നെ രസംപിടിപ്പിച്ചതു്.

ജില്ലയിലെ ഒന്നോ രണ്ടോ സ്ഥലങ്ങൾ, അവിടത്തെ ജോലിയെപ്പററി പഠിക്കാനായി ഞാൻ തിരഞ്ഞുപിടിച്ചു എന്നു പറയാം. മദിരാശിയിലെ ഭക്ഷണ പ്രശ്നം ബംഗാളിലേതുപോലെ മോശമായിരുന്ന സന്ദൎഭത്തിൽ, അവിടത്തെ ആളുകൾ, സ്ഥിതി ഗതികളെ സമാധാനത്തോടെ വീക്ഷിക്കുകയും, സാധന വിതരണത്തിനും, ഭക്ഷ്യോല്പാദന വിഷയത്തിലും ദേശീയ സമരമുന്നണിയുമായി സഹകരിക്കുന്നതും കണ്ടിട്ടു എനിക്കു ആശ്ചൎയ്യം തോന്നി. ഉദാഹരണമായി, ഡിണ്ടിഗലിൽ, ദേശീയ സമരനിരയുടെ വക ഒരു ധാന്യ വിതരണക്കടയിൽ, അവിടത്തെ സാധുക്കൾക്കു വേണ്ടിടത്തോളം അരി ഏററവും ചുരുങ്ങിയ വിലക്കു വിററുവരുന്നു. സഹകരണത്തിന്റെയും, ക്രമശീലത്തിന്റെയും ശരിയായ ബോധം എത്രയും അതിശയനീയമെന്നേ പറഞ്ഞുകൂടൂ; കോൺഗ്രസ്സുകാർപോലും, ഇതിൽ സഹകരിച്ചിരുന്നെന്നു പറഞ്ഞാൽ സ്ഥിതിഗതികൾ ഏറെക്കുറെ ഊഹിക്കാവുന്നതാണല്ലോ. ഇതിൽ പെടാതെ ഒരു ഗ്രാമംപോലുമില്ല. ഭക്ഷ്യോല്പാദന പ്രസ്ഥാനത്തിന്റെ പ്രചരണത്തിന്നായി നടത്തുന്ന യോഗങ്ങളിലെ മുദ്രാവാക്യങ്ങൾ അനവധി ആളുകളെ ആകൎഷിക്കുന്നു. അവരോടുള്ള അഭ്യൎത്ഥന ശരിയായി നിൎവ്വഹിക്കുകയും ചെയ്യുന്നു. സംസ്ഥാന ഓർഗനൈസറോടു അദ്ദേഹത്തിന്റെ വിവിധ പ്രസ്ഥാനങ്ങളിൽ നടത്തിവരുന്ന ജോലികളുടെ ചിത്രങ്ങൾ അയച്ചുതരാൻ ഞാൻ ആവശ്യപ്പെട്ടിരുന്നു. അവ കിട്ടുമ്പോൾ "ഡെയിലി ഗസററിൽ" പ്രസിദ്ധപ്പെടുത്തണമെന്നു ഞാൻ ഉദ്ദേശിക്കുന്നു.

ഡെൽഹിയിലേക്കു തിരിക്കുന്നതിനു് മുൻപു ഒരു ദിവസം ഈ സംഗതി ഇംഗ്ലീഷുകാരനായ ഒരു സ്നേഹിതനോടു ഞാൻ പറഞ്ഞപ്പോൾ, മദിരാശിക്കാർ ജാപ്പാൻകാരുടെ ഏതാനും ബോംബുകളുടെ രുചിയറിഞ്ഞിരിക്കുന്നതുകൊണ്ടായിരിക്കാം ഇങ്ങനെ സംഭവിക്കുന്നതു് എന്നു് അയാൾ പറഞ്ഞു. അയാളുടെ അഭിപ്രായം സ്വീകരിക്കാതെ, അങ്ങിനെയാണെങ്കിൽ ജാപ്പാൻകാരുടെ നൂറുനൂറു ബോംബുകളുടെ രുചി അറിഞ്ഞ ബംഗാളിലെ കഥ എങ്ങിനെ എന്നു ഞാൻ ചോദിച്ചു. മദിരാശിയിലെ ദേശീയ സമരനിരയുടെ വിജയകാരണം, ശരിയായ സംഘടനയും, ആത്മാൎത്ഥമായ പരിശ്രമവുമാണെന്നു എനിക്കു ബോദ്ധ്യമുണ്ടു്.

മദിരാശിയുടെ മാതൃക നാം സ്വീകരിക്കേണ്ടതാണു്. നാം എല്ലാവരും ഒത്തുചേൎന്നു പ്രവൎത്തിക്കുകയും, നമ്മുടെ ആപ്പീസുകളെല്ലാം ഒരു കേന്ദ്രസ്ഥലത്തു സ്ഥാപിക്കുകയും ചെയ്യണം. കോർപൊറേഷൻകെട്ടിടത്തിന്റെ ഒരു പാൎശ്വം ആയതിലേക്കായി കരസ്ഥമാക്കുകയും, നമ്മുടെ ആപ്പീസുകളെ വന്നു സന്ദൎശിക്കാൻ ആളുകളെ ആകൎഷിക്കുകയും ചെയ്യണമെന്നുകൂടി ആലോചിക്കുന്നു. ആ വക ജോലികൾക്കുള്ള കേന്ദ്രം ഈ പട്ടണം തന്നെയാക്കിത്തീൎക്കാം. നമ്മുടെ പ്രസിദ്ധീകരണങ്ങളും കൂടുതൽ ക്രമീകരിക്കണം. വാൎത്താ സമ്പൂൎണ്ണമായ ഓരോ പത്രിക ആഴ്ചതോറും പ്രസിദ്ധപ്പെടുത്താം. പരസ്യങ്ങൾ തന്നെ ഈ പത്രികക്കു വേണ്ട വഴിയുണ്ടാക്കും. ഈ സംസ്ഥാനത്തിന്റെ മററു ഭാഗങ്ങൾക്കു ഈ പട്ടണം തന്നെ മാൎഗ്ഗദൎശിയായിരിക്കണമെന്നു എനിക്കു തോന്നുന്നു.

ജാപ്പാന്റെ ഇന്ത്യൻ ആക്രമണ പരിശ്രമത്തെ പരിഗണിച്ചു, എന്റെ ഈ നിൎദ്ദേശങ്ങൾ ഉടൻ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെ പററി ഊന്നിപ്പറയുവാനുള്ള സ്വാതന്ത്ര്യം എനിക്കുണ്ടെന്നു കരുതുന്നു. മദിരാശിയിലെ സ്ത്രീകളും കുട്ടികളും പോലും, ജാപ്പാൻ വിരോധികളാണെന്നും, അവർ പാട്ടു പാടുന്നതു നിരുന്മേഷരായല്ല, നേരേ മറിച്ചു, അൎത്ഥം അനുഭവിച്ചും, പ്രകടിപ്പിച്ചും കൊണ്ടാണെന്നു്, സംസാരിക്കുകയോ പാടുകയോ ചെയ്യുമ്പോഴത്തെ അവരുടെ മുഖഭാവം കൊണ്ടറിയാമെന്നും കേട്ടപ്പോൾ, ബീഗം ഷാ നവാസ് ആശ്ചൎയ്യഭരിതയായിപ്പോയി.



ഇംഫാൽ രംഗത്തിൽ ഭടന്മാരുടെ ആവശ്യത്തിനായി മുളങ്കുഴലുകളിൽ വെള്ളം ശേഖരിച്ചു കൊണ്ടുപോകുന്നതു്.

# വെറുംകയ്യോടെ ജാപ്പാൻകാരെ യുദ്ധത്തിൽ തോല്പിച്ചോടിച്ചു

## മദിരാശി സുബേദാരുടെ ഇംഫാൽരംഗത്തിലെ പരാക്രമം

മദിരാശിപ്പട്ടാളത്തിലെ ഒരു സുബേദാർ, ഇംഫാൽ രംഗത്തു് മൂന്നു വാര അകലെയായി, ഇരുട്ടുകൊണ്ടു് തനിക്കു നല്ലവണ്ണം കാണാൻ കഴിയാതിരുന്ന, ഒരു ചെറിയ ജാപ്പാൻ സേനാവിഭാഗത്തെ വെല്ലുവിളിച്ചു്, ശത്രുക്കളിൽ മൂന്നു പേരുടെ കൈവശമുണ്ടായിരുന്ന തോക്കിന്മേലുള്ള കൂർത്തമുനകൊണ്ടുള്ള കുത്തുകൾ വെറും കൈയോടെ തടഞ്ഞു്, അല്പം ചില പരുക്കുകൾ മാത്രമേറ്റു്, അവരെ ഓടിച്ചിട്ടു്, മടങ്ങിയതായി ഒരു സൈന്യനിരീക്ഷകൻ എഴുതിയിരിക്കുന്നു.

വടക്കെ ആർക്കാട്ടു ജില്ലയിൽ ആർണിജാഗിർകാരനായ സുബേദാർ ചിദംബരം, കൃഷ്ണ ജില്ലയിൽ വഡിയണ്ണന്നാട്ടു (Vadiannannad) കാരനായ വനനയ്യ (Vananayya) എന്ന കിങ്കര (Orderly) നാലനുഗതനായിട്ടാണു് പോയതു്. അയാളും അത്ഭുതകരമായാണു് രക്ഷപ്പെട്ടതു്. പാലേൽ എന്ന സ്ഥലത്തുവെച്ചു് നമ്മുടെ സൈനികവലയം ഭേദിക്കാനായി ഒരു ശത്രുസംഘം ഒരുങ്ങിയപ്പോഴാണു് ഈ സംഭവം നടന്നതു്.

നേരം വെളുത്തപ്പോൾ ഒരു കുററിക്കാട്ടിൽ ഒളിച്ചിരിക്കുന്നതായി കണ്ട ഒരു സംഘം ജാപ്പാൻകാരെ നമ്മുടെ ഗൂർഖ ഭടന്മാർ വേട്ടയാടി കൊല്ലുകയും, ആ കുററിക്കാടിന്നു് തീ കൊളുത്തുകയും ചെയ്തു. ആ തീകുണ്ഡത്തിൽ കുടുങ്ങിയിരുന്ന ഒരു ജാപ്പാൻ ക്യാപ്ററനും അയാളുടെ കിങ്കരനും അവരുടെ കൈവശമുണ്ടായിരുന്ന കൈത്തോക്കുകൊണ്ടു് തന്നത്താൻ വെടിവെച്ചു ആത്മഹത്യചെയ്തു.

പ്രഭാതത്തിൽ ഏകദേശം മൂന്നു മണിക്കുണ്ടായ ലഹള കേട്ടു ഉണർന്ന സുബേദാർ ചിദംബരം, തന്റെ കീഴിലുള്ള പോസ്റ്റുകളിലെല്ലാം ചുററി നടന്നുനോക്കി. തന്റെ മുന്നണിയിൽനിന്നു പത്തു വാര അകലെ, ഗൂർഖ ഭടന്മാരുടെയും തന്റെ ഭടന്മാരുടെയും ഇടയിലായി, ഒരു കൂട്ടം ആളുകൾ മുമ്മൂന്നായി സംഘം ചേരുന്നതു സുബേദാർ കാണുകയുണ്ടായി. അവരെ പോർവിളിച്ചു് അവരോടു "മുദ്രാവാക്യം" (ഭടന്മാർ തങ്ങളുടെ കക്ഷിതിരിച്ചറിയാനായി നിർദ്ദേശിച്ചിരിക്കുന്ന ഒരു വാക്യം. ഓരോ സൈന്യത്തിന്നും പ്രത്യേകം പ്രത്യേകം വാക്യം കാണും. ഇതെന്തെന്നു കേട്ടാൽ ഒരാൾ തങ്ങളുടെ സൈന്യത്തിലുള്ളയാളോ ശത്രുകക്ഷീയനോ എന്നറിയാൻ കഴിയും.) ചോദിച്ചതിന്നു, "തിക്കു് ഹൈ സാഹിബ്" എന്നായിരുന്നു മറുപടി.

ഒരു നിമിഷം കഴിഞ്ഞപ്പോൾ മൂന്നു പേർ തോക്കിന്മേൽ ഘടിപ്പിച്ചിരിക്കുന്ന കുന്തങ്ങളുംകൊണ്ടു അയാളുടെ നേർക്കു പാഞ്ഞണഞ്ഞു. അവരുടെ പ്രയോഗങ്ങൾ താൻ വെറുംകയ്യോടെ എതിർത്തു, മുറിപ്പെട്ടു താഴെ വീണു. അയാളുടെ കിങ്കരനെ പിടിച്ചു്, അയാളുടെ തോക്കും പിടിച്ചുപറിച്ചു, വായും മൂടി, വലിച്ചിഴച്ചു കൊണ്ടുപോയി. പക്ഷെ ക്യാമ്പിലുള്ളവരെല്ലാം ജാഗ്രതയോടെ ഇരിക്കുകയായിരുന്നതിനാൽ, ഉടനെ വെടിവെക്കാൻ തുടങ്ങി. ഉടനെ ജാപ്പാൻകാർ പറപറന്നുപോകുകയും, സുബേദാർ തന്റെ ഭടന്മാരോടുകൂടി വന്നുചേരുകയും ചെയ്തു.

"വെടി ആരംഭിച്ചതോടുകൂടി എന്നെ വലിച്ചിഴച്ചു കൊണ്ടുപോയിരുന്ന ജാപ്പാൻകാർ അവരുടെ പിടി അയച്ചുതുടങ്ങി. ഞാനും അവരുടെ പിടി വിടുത്താനായി കിടന്നുപിടഞ്ഞു ഇരുവശങ്ങളിലേക്കും ഉലഞ്ഞു. ഞാൻ നടപ്പാതയിൽനിന്നു റോഡരികിലുള്ള ഒരു വരമ്പുവഴി താഴെ വീണു. അവിടുന്നു ഒരു ഗൂർഖഭടൻ എന്നെ എടുത്തു കൊണ്ടുപോയി വേണ്ടപോലെ ശുശ്രൂഷിച്ചു. എന്റെ കണങ്കാൽ ഉളുക്കുകമാത്രമേ ചെയ്തിരുന്നുള്ളു," എന്നു വനനയ്യ പറഞ്ഞിരിക്കുന്നു.

## നൽകൂ നീ അനുവാദം

എന്നെ നീയിന്നും കാത്തുകാത്തു കൊണ്ടിരിയ്ക്കിലും,
വന്നിടാൻ വിഷമമാണിന്നെനിയ്ക്കെന്നോമലേ !
അത്രയ്ക്കെൻ ശരീരത്തെ മുമ്പോട്ടുവലിക്കുന്നു-
ണ്ടത്രയും കഠോരനാം ദുർവ്വിധി, എന്നാകിലു-
മെൻസരോജത്തിൽ തന്നെപററിച്ചേർന്നിരിക്കുന്നി-
തെൻമനോ ഭൃംഗമാശ പൂണ്ടതിൻ മധുവുണ്ടുമാൻ.
അല്ലിനിയെന്നും തന്നെയെൻ മനസ്സതിൽ ചേർന്നു
നിർല്ലീനമായാൽ പോലും വിധിയെത്തടുക്കാമോ ?

* * *

അങ്ങതാ കാണുന്നു ഞാ ; നല്ലതാ വിളിക്കുന്നു,
ഇങ്ങണഞ്ഞുടുത്തിതാ മല്ലിന്നു രിപുഗണം.
ഒന്നെന്നോടാജ്ഞാപിക്കൂ, അല്ലൊന്നുകടാക്ഷിക്കൂ,
വെന്നിടാമവരെ ഞാൻ നിൻകടാക്ഷമാത്രത്താൽ.
അല്ല ! ഞാൻ നിരായുധനായിട്ടാ, ണെന്നാകിലും
വെല്ലുവൻ നിൻപ്രേമത്താൽശുദ്ധനായ്ത്തീർന്നോനല്ലീ?
അശ്രുഭാപൂമായ് ഞാനിന്നോമലേ ! തോററീടുകി-
ലണുവും ഖേദിക്കാതെ യരുളൂസമാധാനം.

* * *

അന്നത്തെസ്സായാഹ്നത്തിലക്കുളിർപ്പൂന്തോട്ടത്തിൽ
സുന്ദരസുമാകീർണ്ണ പല്ലവപ്പൂമെത്തയിൽ
ഒന്നിച്ചുരസിച്ചു നാമോരോന്നു ചൊല്ലിട്ടമ്പോ-
ളൊന്നു നീ പറഞ്ഞില്ലേ യെത്രയോ മധുരമായ്
"എൻ പ്രാണപ്രിയനിലു മെന്നിലുമുദിച്ചൊരീ-
നിർമ്മായ പ്രണയത്താലിന്നു തൊട്ടെന്നെന്നേക്കും
നമ്മുടെ യാത്മാക്കളു മന്യോന്യമേകീകരി-
ച്ചന്യൂനമിരിക്കുവാൻ നല്കട്ടും കൃപ ദൈവം"
അതിനാൽ സന്തോഷിക്കാം, സല്ലപിച്ചിടാം നമു-
ക്കതു ലാനന്ദത്തോ ടെയതിനായ് ശ്രമിച്ചീടാം
സമ്മതമേകീടു നീ, പോകട്ടെ ; നീയേകിയ-
നിർമ്മലപ്രണയത്തെ ചിത്തത്തിൽ ധരിച്ചു ഞാൻ
ദുർമ്മതി, ഖലൻവന്നു നമ്മുടെ നാട്ടിൽക്കേറാൻ
സമ്മതിക്കാതെനേക്കാൻ നൽകൂ നീ "യനുവാദം"

* * *

ഓമനേ ! സമാശ്വസിച്ചീടുക കാണാം നമു-
ക്കാമനോജ്ഞമാംകൊച്ചു പൂന്തോട്ടപ്പൂഞ്ചോലയിൽ
കാമിതമിതുതരാൻ കാരുണ്യമുണ്ടാകായ്കിൽ-
ക്കാണുവാൻ ഗതിനമുക്കാ വീരസ്വർഗ്ഗം തന്നിൽ.

(നായിക് പി. കെ. പ്രഭാകരൻ)

[കുറിപ്പ്.—ഉചിതമെന്നു തോന്നിയ ചില മാററങ്ങൾ വരുത്തിയിട്ടുണ്ടു്. (യു. സ. പ.)]

# യുദ്ധഗതി

(കാകളി)

1 എത്രഘോരം! മഹായുദ്ധവൃത്താന്തങ്ങ-
ളത്ര ഞാനൊട്ടു ചുരുക്കി പറഞ്ഞിടാം!
നാലരക്കൊല്ലത്തിലേറെയായി രണം;
മാലകലും കാലമേതെന്നറിഞ്ഞീല.

2 വമ്പിച്ച ദുർമ്മോഹി, മുസ്സോലിനി, ശഠൻ,
വെമ്പി "യബ്സീനിയ" കൈക്കലാക്കീടുവാൻ,
ഊക്കുള്ളസേനകളൊത്തു പുറപ്പെട്ടു,
പോർക്കു വിളിച്ചി "തബ്സീനിയ" ഭൂപനെ
ആർക്കും തടുപ്പാനെളുപ്പമല്ലാതുള്ള
തോക്കുകൾ മററുള്ള യുദ്ധസാമഗ്രികൾ
ഒക്കെയും മുന്നമേ ശേഖരിച്ചും, നല്ല
തക്കത്തിലങ്ങുകടന്നു "റോമൻ" ഭടർ,
"ബോംബു' വർഷങ്ങൾ തുടങ്ങി വിമാനങ്ങൾ;
കമ്പമിയന്നു തകർന്നുപോയ് കോട്ടകൾ;
ക്രൂരൻ വിഷവായുക്കൂടി പ്രയോഗിച്ചാ—
നാരുമോർക്കാത്ത വിധത്തിലന്യായമായ്.

പെട്ടന്നെതിർക്കുവാനാവതല്ലാതെയായ്
കഷ്ടമെ! കഷ്ടം! മബ്സീനിയൻ സേനകൾ.
തോററുമടങ്ങേണ്ടിവന്നു വിധിവശാൽ;
തെററന്നു രാജ്യമടക്കി "മുസ്സോലിനി"
അബ്സീനിയക്കു സഹായമായക്കാല-
മീശ്വരനല്ലാതെയാരുമുണ്ടായീല,
രാജ്യത്തിൽനിന്നു രാജാവു മൊളിച്ചോടി
പൂജ്യതയില്ലാതിരുന്നുപോൽ ലണ്ടനിൽ.

'മുസ്സോലിനി' ശഠൻ തൃപ്തനായീടിനാൻ;
'അബ്സീനിയ' യുമടിമയായ്മേവിനാൾ.

കുററങ്ങളൊന്നുമെ ചെയ്യാതിരിക്കവേ
പററലർ പാഞ്ഞു വന്നാക്രമിക്കും വിധൌ
തോററുനിരാലംബയായി 'തബ്സീനിയ':
പററിട്ടമാപത്തു വൻചതിയേല്ക്കുകിൽ.

ക്രൂരവൃകതുല്യ ദുർജ്ജനോപദ്രവാൽ
ധീരർക്കപജയമാദ്യമുണ്ടാകിലാം.

ദേവാസുരായോധനത്തിൽ ചിരകാലം
ദേവാരികൾ ജയിച്ചാരെന്നു കേൾപ്പുനാം!

3 അക്കഥനിൽക്കു; കഴിഞ്ഞു ചിലകാല-
മൂക്കുള്ള ഹിററ്ലരിൻ വാർത്തകൾ കേൾക്കുവിൻ
ഉദ്ധതനാമവൻ ജർമ്മൻ പടകളെ
യുദ്ധത്തിനായിട്ടൊരുക്കി തുടങ്ങിനാൻ
ക്രൂരതയേറുന്ന നാസിസൈന്യങ്ങളും
യുദ്ധസന്നദ്ധരായ് കൈതിരുമ്മിടിനാർ
തോക്കുകൾ, കുന്തങ്ങൾ, പീരങ്കിയെന്നിവ
വെക്കം സ്വരൂപിച്ചു നൂറുനൂറായിരം;
'ടാങ്കു' കളുണ്ടവ കോടാനുകോടിയായ്;
ശങ്കയുണ്ടോ പിന്നെ യുദ്ധം തുടങ്ങുവാൻ?
'ബോംബു' വർഷിക്കും വിമാനചക്രങ്ങൾതൻ
സംഖ്യ ചൊല്ലീടുവാനൊട്ടു മെളുതല്ല.
'യുബോട്ടു' 'ടോർപിഡോ' വൃന്ദവും മററുമാ-
യത്ഭുതമായുണ്ടു യുദ്ധസാമഗ്രികൾ
ആരുമറിയാതെയിവകയൊക്കെയും
വീരനാം ഹിററ്ലരൊരുക്കി നിർത്തീടിനാർ.

അന്യരാഷ്ട്രങ്ങളീ സന്നാഹധോരണി
യൊന്നുമറിഞ്ഞീല യെന്നേ പറയേണ്ടു.
"യുദ്ധത്തിനൊന്നും വരികയില്ലീ 'ഹിററ്ലർ'
ബദ്ധപ്പെടാനൊന്നുമില്ലെ" ന്നുറച്ചോരു,
'ബ്രിട്ടനാം' സിംഹമുറങ്ങി ക്കിടന്നപോൽ;
പെട്ടെന്നു 'ബാംബൊ' ച്ചു കേട്ടുണർന്നീടിനാൻ.

'പോളണ്ടി' നെ ബലാൽക്കാരാൽ പിടിച്ചുടൻ,
'ഹോളണ്ടു' മാ ഹിററ്ലർ കൈക്കലാക്കീടിനാൻ;
'നോർവ്വേ'യും 'ബൽജ്യ'വും 'ഫ്രാൻസും' വശത്താക്കി,
ഗർവ്വാൽ പുളച്ചിതാ രാക്ഷസ വിക്രമൻ;

ഊക്കുള്ള 'ഹിററ്ലരി' ൻ നാസിപ്പടകളോ-
ടാർക്കു മെതിർപ്പാൻ കഴിയാതെവന്നിതു
"ബ്രിട്ടൻ നശിച്ചിടും ജർമ്മൻ ജയിച്ചിടും"
തിട്ടമിതെന്നു നിനച്ചു 'മുസ്സോലിനി'
പെട്ടെന്നു ഹിററ്ലരോടൊത്തു ചേർന്നിടിനാൻ:
ദുഷ്ടനും ദുഷ്ടനും ചേരുന്നു തങ്ങളിൽ!!

4 കാര്യങ്ങൾ തീർച്ചയാക്കീടാൻ വിഷമിച്ചു
വീര്യം കുറഞ്ഞോരു "ചേമ്പർലൈൻ" തന്നോടു
കാര്യങ്ങളേറെറടുത്തീടിനാൻ തൽക്ഷണം
ശൌര്യം പെരുത്തുള്ള "ചർച്ചിലാം" വിശ്രുതൻ.
തീർച്ചയും, മൂർച്ചയും, വാഗ്ദ്ധാടിയും ചേർന്ന
"ചർച്ചിലാം" മാന്യൻ പ്രധാനമന്ത്രീപദം
കൈക്കൊണ്ടവാർത്ത പരന്നു ജഗത്തിങ്കൽ

ഊക്കുള്ള "ഹിററ്ലരു" മൊന്നു നടുങ്ങിപോൽ.
ചർച്ചിലില്ലാതെ യീ യുദ്ധം ജയിക്കുമോ!
'ചർച്ചില' ല്ലാതില്ല രക്ഷ യീ ബ്രിട്ടനു!!

ഇങ്ങിനെ വാഴ്ത്തിനാർ നാട്ടുകാരൊക്കെയും
തിങ്ങിനമോദ മാർന്നീടിനാൻ 'ചർച്ചിലും',

5 കാര്യങ്ങളൊന്നു തിരിഞ്ഞു മറിഞ്ഞു, സ-
ദ്വീര്യവാനായുള്ള 'ചർച്ചിലി' ന്നാജ്ഞയാൽ;
ഓരോ വിഷയവും ചർച്ച ചെയ്യും, നല്ല
വീരരെത്തേടി പിടിച്ചും രണത്തിന്നായ്-
സാരോപദേശങ്ങൾ നല്കിയും, വേണ്ടുന്ന-
വീരവാദങ്ങൾ നിശിതമായ് ചൊല്ലിയും,
യുദ്ധസാമഗ്രികളുണ്ടാക്കി വേണ്ടപോൽ,
ബദ്ധസന്നദ്ധനായത്ഭുത വിക്രമൻ

മന്ത്രിമാരേ യഥായോഗ്യം നിയമിച്ചു,
മന്ത്രിച്ചു വേണ്ടുന്ന കാര്യം നിഗൂഢമായ്,
തന്ത്രങ്ങൾ വേണ്ടപോലാചരിച്ചീടിനാൻ,
യന്ത്രിയാ 'യ് ചർച്ചിൽ', മഹാപ്രാജ്ഞ, നുത്തമൻ
കാര്യത്തിനേതുമേ ലോപമുണ്ടാകാതെ,
ഗർവ്വത്തിനുള്ള വഴികൾ ചിന്തിച്ചുടൻ,
മർമ്മങ്ങൾ നോക്കിനടത്തി മഹാരണം;
സന്മാർഗ്ഗകോവിദൻ, സന്മന്ത്രിപുംഗവൻ.

മന്ത്രിപ്രവരനാം ചർച്ചിലിൻ പൌരുഷം,
തന്ത്രപ്രകാരങ്ങൾ, വാഗ്ദ്ധാടി, യെന്നിവ
നന്നായ്പുകഴ്ത്തുന്നു മാലോകരൊക്കെയും!
നന്ദനീയം തുലോം, 'ചർച്ചിലിൻ' വൈഭവം!

6 ഏറിയവേഗേന 'റൂസ്വൽട്ടി' നെ കണ്ടു,
പോരി 'ലമേരിക്ക' യേയുമിറക്കിനാൻ.
'ജാപ്പാന്റെ' വന്മദമൊട്ടടക്കീടുവാ-
നൊപ്പം പുറപ്പെട്ടു 'ചർച്ചിലും' 'റൂസ്വൽട്ടും'

കാര്യങ്ങളൊക്കെയും ചിന്തിച്ചുറക്കുവാൻ
വീര്യവാൻ ചർച്ചിലമേരിക്കയിൽ പോയി
കൂടെഗമിച്ചുപോൽ "വിൻഗേററു" വീരനും
ധാടിയിൽ യുദ്ധതന്ത്രങ്ങളെ ചൊല്ലുവാൻ.

എത്രയും പ്രാജ്ഞനായുള്ളോര 'ചർച്ചില്ലു-'
മത്ര 'വിൻഗേററി'നെ മാന്യനായ്ക്കാണിച്ചു,
യുദ്ധതന്ത്രങ്ങളന്യോന്യ മുറച്ചു സ-
ന്നദ്ധനായെത്തിനാൻ 'വിൻഗേററു' മിന്ത്യയിൽ
ഏററം പടുത്വമുള്ളോരു "വിൻഗേററി" നെ
ഉററനാം "മേജർ ജനറ" ലാക്കീടിനാൻ
സാമ്രാജ്യമോഹിയാം 'മുസ്സോലിനി' യുടെ
ദുർമ്മോഹശാന്തി വരുത്തി "യെത്യോപ്യയിൽ"

ഇററലിക്കാരെയടിച്ചു തുരത്തുവാൻ
പററുന്ന നല്ലൊരു സേനാസമൂഹത്തെ-
യേററവും സാമർത്ഥ്യമോടു നയിച്ചോരു
പററലർ കാലനീ "വിൻഗേററു", വിശ്രുതൻ!

7 ഇററലി വ്യൂഹത്തെ "യാഫ്രിക്ക" യിൽനിന്നു
ഏററടിച്ചൈക്യ സൈന്യങ്ങൾ തുരത്തിനാർ;
ഒട്ടനേകം ഭടർ കാലനൂർ പൂകിനാർ;
ഒട്ടുപേരായുധം വെച്ചടങ്ങീടിനാർ,
'മുസ്സോലിനി' ചെന്നു 'ഹിററ്ലർ' പാദാന്തികേ
സാഷ്ടാംഗമാശ്ലീണം കേഴുമാറായിതു!

8 'ഇററലി' തന്നിൽ കടന്നൊരെട്ടാം പട
പററലർ സൈന്യമൊടുക്കി തുടങ്ങിനാർ.
"അഞ്ചാം പട" യുണ്ടു മറെറാരു ഭാഗത്തു
മിഞ്ചുന്ന നാസിപ്പടയെയൊടുക്കീടുവാൻ
കെല്പുള്ള നാസിപ്പടകൾ പൂർവ്വാധിക-
മുല്പന്നരോഷമെതൃത്തു നിന്നീടുന്നു.

അങ്ങട്ടുമിങ്ങട്ടു മോടുന്നു സേനകൾ,
അങ്ങു "കാസിനോവിൽ" യുദ്ധം ഭയങ്കരം!
'ഗ്രീക്കൻ' ഭടന്മാർ പരാക്രമശാലികൾ,
തർക്കമില്ലെന്നു പുകഴ്ത്തുന്നു സർവ്വരും;
വിശ്രുതമാം ജയമുണ്ടാം നമുക്കെന്നു,
നിശ്ചയിച്ചോതുന്നു യുദ്ധ വിശാരദർ;
ശാശ്വത ധർമ്മം ജയിക്കാതിരിക്കുമോ?
വിശ്വേശ്വരൻ കർമ്മസാക്ഷിയല്ലോ ദൃഢം.

9 ചൊല്ലെഴും സ്റ്റാലിൻെറ യുദ്ധ തന്ത്രങ്ങളാൽ
വല്ലാതെ തോററുമടങ്ങി 'നാസിപ്പട'
കാണുന്ന കാണുന്ന ദിക്കിലെല്ലാടവും
ചേണുററ റഷ്യൻ ഭടന്മാരതിദ്രുതം,
ആനന്ദമോടും പ്രവേശിച്ചു കൊണ്ടവർ,
ക്ഷീണത കൈവിട്ടു നാസിപ്പടകളെ
ആയോധനത്തിലവരുത്തു തള്ളീടുന്നു;
പായുന്നു പിന്നോട്ടു 'ഹിട്ലരിൻ' സേനകൾ,
പീരങ്കി, 'ടാങ്കുകൾ' മററു സാമഗ്രികൾ,
ധീരരാം റഷ്യർ പിടിച്ചടക്കീടിനാർ;
ലക്ഷക്കണക്കിലായ് ജർമ്മൻ ഭടന്മാരെ-
തൽക്ഷണം 'ബന്ദി' കളാക്കി പിടിക്കുന്നു;
പിന്തിരിഞ്ഞോടുന്ന നാസി സൈന്യങ്ങളെ-
കുന്താഗ്രമേററുന്നു റഷ്യൻ ഭടനിര;
"സ്റ്റാലിൻെറ" സേനകളോടി യടുത്തുട-
നാലസ്യമെന്യേ കടന്നു "റുമേന്യ" യിൽ;
ഒട്ടു "റുമേനിയൻ" സൈന്യവിഭാഗങ്ങൾ-
പെട്ടന്നു റഷ്യൻ ഭടരോടു ചേർന്നപോൽ;
നാശങ്ങൾ വന്നു ഭവിക്കാതിരിക്കുവാൻ,
നാസിപക്ഷം വെടിയേണം "റുമേനിയ"
പണ്ടുകണ്ടിട്ടില്ല യുദ്ധമേവം വിധം!
രണ്ടുപുറത്തും നശിച്ചു ഭടൌഘങ്ങൾ!

10 "പാസിഫിക്കാ"ക്കും സമരരംഗത്തിങ്കൽ
വാശിപിടിച്ചമേരിക്കൻ കടൽപ്പട
"ജാപ്പാൻെറ" മട്ടനം സാധിച്ചിട്ടും ദൃഢ
മിപ്പാരിൽ ദുർമ്മോഹികൾക്കു ജയം വരാ!
നമ്മുടെ യിന്ത്യയെ കാത്തുരക്ഷിക്കുവാൻ
മേന്മതങ്ങീടുന്ന നാവിക സൈന്യങ്ങൾ
വാരാന്നിധിയിലൊരുങ്ങിയിരിപ്പുണ്ടു.
പേരാന്ന "സോമർ വില്ലഡ്മിറലി"ൻ കീഴിൽ.

11 ബർമ്മയെ കൈക്കലാക്കീടിന 'ജാപ്പാൻെറ'
വന്മദമെല്ലാം ശമിപ്പിക്കുവാനായി-
മർമ്മങ്ങൾ വേണ്ടപോലൊക്കെയും ചിന്തിച്ചു,
കർമ്മങ്ങളോരോന്നു ചെയ്യുന്നധികൃതൻ.

ജാപ്പുസൈന്യങ്ങൾ തൻ പിന്നിൽ കടന്നുടൻ
കെല്പോടനേകം ഭടരെയൊടുക്കിയ-
വീരനാം "വിൻഗേററി"നോടു സമനായ
ധീരനില്ലന്യനെന്നെല്ലാരുമോതുന്നു.

തന്നുടെ ജീവൻ തൃണവൽഗണിച്ചുട-
നെന്നും കുലുക്കമില്ലാത്തൊരീ വീരൻെറ-
ചൊല്ലാന്ന വീര്യശൌര്യാദിഗുണങ്ങളെ
ചൊല്ലാനരിപ്പമെന്നോതുന്നു സർവ്വരും.

12 കല്യരാം 'ബ്രിട്ടൻെറ' സേനാനികളിൽവെ-
ച്ചെല്ലാഗുണങ്ങളും പൂർത്തിയായുള്ളിച്ച
വീരനാം "മേജർ ജനറൽ വിൻഗേററിന്നു"
ഘോരമാമാപത്തുവന്നു ഭവിച്ചുപോയ്!

കേവലം നാല്പതോടൊന്നുമാത്രം വയ-
സ്സാവതോ ചൊല്ലുവാൻ മൃത്യുവിൻ ചേഷ്ടിതം!
കർമ്മീമാന്യൻ മരിച്ചോരുകാരണാൽ-
തുഷ്ടി കുറഞ്ഞുപോയ് ഭാരത സേനയ്ക്കു;
ശ്രേഷ്ഠനായുള്ളൊരു യുദ്ധവിദഗ്ദ്ധൻെറ-
നഷ്ടം ഭവിക്കയാൽ കേഴുന്നു സേനകൾ;
ഉത്തമസൌശീല്യ പൂർണ്ണനായ് സദ്ഗുണ-
സത്തമനായി വിളങ്ങിയോരിമ്മാന്യൻ
ഇത്തരമങ്ങു വിമാനം തകർന്നുടൻ-
പാർത്തലം കൈവിട്ടു, ദുർയ്യോഗവായ്പിനാൽ!
കൃത്യനിരതനാമിദ്ധീരധീരനു
സത്യസ്വരൂപൻ കൊടുത്തിടും സദ്ഗതി.

"ധർമ്മയുദ്ധത്തിൽ മരിക്കുന്ന വീരർക്കു
നിർമ്മലസായൂജ്യ" മെന്നു ബുധമതം.

വന്നുപിറന്നാൽ മരണമോ നിശ്ചയ-
മെന്നുള്ള തത്വം മറക്കരുതാരുമേ.

13 ആയിരമായിര 'മൈക്യ' വിമാനങ്ങ-
ളായാസഹീനം പറന്നുചെന്നൊട്ടും
ഘോരമാം 'ബോമ്പുകൾ' വർഷിച്ചിടുന്നുണ്ട്,
സ്വൈരമില്ലാതായി ജർമ്മനിക്കാകവേ.

'ബർളിൻ' നഗരമെരിഞ്ഞു വെണ്ണീറായി;
'ബർളിനിൽ' നിന്നു 'ജർമ്മൻ'കാരൊഴിഞ്ഞുപോയ്;
മററുപലപല കോട്ടകൾ ഭസ്മമായ്;
പററുന്നു തീജ്വാല രമ്യഹർമ്മ്യങ്ങൾക്കും;
യന്ത്രശാലകളും, കൈത്തൊഴിൽ ശാലകൾ
തന്ത്രശാലകളുമഗ്നിക്കിരയായി.



മൂന്നാം മദിരാശിപ്പട്ടാളത്തിലെ ചില ഭടന്മാർ ചീട്ടു കളിച്ചുകൊണ്ടിരിക്കുന്നു



ദക്ഷിണപൂർവ്വേഷ്യൻ രംഗത്തിലെ വൈമാനിക സൈന്യാധിപൻ സർ റിച്ചാർഡ് പിയേർസ്, നെതലണ്ടിലെ പ്രശസ്തയുദ്ധസേവനത്തിൽ ലഭിച്ച കീർത്തിമുദ്രകളണിഞ്ഞു നില്ക്കുന്നു

‘ബോംബു’ വർഷിക്കും വിമാനനൗഘ മുണ്ടെന്ന-
വമ്പുകളോട്ടു ശമിച്ചുപോയ് ഹിറ്റ്ലർക്കു.

വൻകപ്പലൊക്കെ നശിപ്പിക്കുവാനായി-
ത്തൻകയ്യിലുണ്ടു “യൂബോട്ടു” കളെന്നുള്ള-
ഹുങ്കൃതിയുണ്ടായിരുന്നപ്പോൾ ‘ഹിറ്റ്ലർക്കു,’
ഹുങ്കൃതിയായതും നിശ്ശേഷം നഷ്ടമായ്.

വാരിധി തന്നിൽ “മൈനി”ട്ടവയൊക്കയും
പാരാതെ “മൈൻസ്വീപ്പ”റാലെ നശിപ്പിച്ചു.

ക്രൂരനാം ‘ഹിറ്റ്ലറി’ൻ മായാപ്രയോഗങ്ങ-
ളാരാലടുക്കയുമില്ലിനിയൊട്ടുമേ.
‘ഹിറ്റ്ലർ’ പ്രയോഗിക്കുമസ്ത്രങ്ങളൊക്കയും-
തട്ടാതെ പ്രത്യസ്ത്രമെയ്തു തടുത്തിടും.

14 കെല്പുള്ള ബ്രിട്ടന്റെ യുദ്ധവീരന്മാരു-
മുല്പന്നമോദ ‘മമേരിക്കരും’ ചേർന്നു,
തക്കങ്ങൾ നോക്കിയിരിക്കുന്നു ‘ബ്രിട്ട’നിൽ
വക്കാണമുണ്ടാം ഭയങ്കരമാം വിധം.

ഇന്നോടു നാളെയൊടുങ്ങാം മഹാരണം ;
കൊന്നൊടുക്കുമവർ നാസിപ്പടകളെ.

രണ്ടല്ല, മൂന്നല്ല, യെട്ടുപത്തോളവു-
മുണ്ടാം “ രണരംഗ ” മൊട്ടുനാളിന്നകം
ധർമ്മവിഹീനനാം ദുർമ്മോഹി ഹിറ്റ്ലറിൻ-
വന്മദമെല്ലാമുടനെ നശിച്ചുപോം.

കഷ്ടത ലോകത്തിനേറ്റവും ചേർത്തോരു-
ദുഷ്ടനാം ‘ ഹിറ്റ്ലരും ’ തന്നുടെ കൂട്ടരും,
ഒട്ടുനാൾക്കുള്ളിൽ നിശ്ശേഷം നശിച്ചിടും
പട്ടാംഗമെന്നു ധരിക്കുവിനേവരും.

15 ഘോരമാം യുദ്ധത്തിൽ വീണുമുറിപ്പെട്ട-
ധീരരാമിന്ത്യൻ ഭടർക്കു വേണ്ടുംവിധം-
സാദരംവേണ്ടുന്ന നാനാ സഹായങ്ങ-
ളാരും മടിക്കാതെ ചെയ്യുവിൻ സർവ്വദാ.

“ ദാനധർമ്മോത്സുകർ ഭാരതീയ ” രെന്ന-
മാനനീയം പുകഴുണ്ടു പണ്ടേതന്നെ.

തന്നുടെ ദേഹം പരുന്തിന്നു നല്കിപ്പോ-
ലുന്നതനാം ‘ ശിബി ’ ധർമ്മപരായണൻ.

അമാന്യനാദർശമല്ലയോ നമ്മൾക്കു ?
ധർമ്മത്തിനൊട്ടും വികല്പം വരുത്തൊലാ.

16 ധർമ്മം ജയിക്കു, മധർമ്മം നശിച്ചിടും,
ശർമ്മമിന്ത്യക്കു ഭവിച്ചിടും മേല്ക്കുമേൽ,
ധർമ്മബോധത്തോടും കർമ്മങ്ങൾ ചെയ്യുവിൻ ;
കർമ്മസാക്ഷി ജഗദീശൻ തുണച്ചിടും.

(ശുഭം)

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.